PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

Second Session—1969

CORRIGENDUM

1. On page 1622 in line 41 for 'എ. എസ്. നമ്പീശൻ' *read* 'എ. എസ്. എൻ. നമ്പീശൻ'

2. On page 1625 in line 32 for 'വി. പി. ദക്ഷിണാമൂർത്തി' *read* 'വി. വി. ദക്ഷിണാമൂർത്തി'

3. On page 1660 in line 21 for 'K. R. Raghava Poduval' *read* 'K. P. Raghava Poduval'

(എ) ഉണ്ട്.

(ബി) പ്രയോറിറ്റി അടിസ്ഥാനത്തിൽ ലിസ്റ്റ് ഉണ്ടാക്കിയാണ് കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

†ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ടെണ്ടർ ചെയ്താൽ പണി ഏറ്റെടുക്കാൻ കൺട്രാക്ടർമാരില്ലെന്നുള്ളതു മനസ്സിലാക്കി ഷെഡ്യൂൾ റിവൈസ് ചെയ്യുന്നതിനു നടപടി നടത്താൻ ദയവുണ്ടാകുമോ ?

† Question put by Shri C. B. Chandrasekhara Warrier.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: റിവൈസ് ചെയ്തിട്ടുണ്ടെന്നോ ണറിവ്, കൺട്രാക്ടർമാരില്ലാത്ത ബുദ്ധിമുട്ടുണ്ടോ എന്നു നോക്കാം.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ഗവൺമെൻറു സ്കൂളുകൾക്കാവശ്യ മായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 50 ശതമാനം പബ്ലിക്ക് കാൺട്രി ബ്യൂഷൻ ലഭിച്ചിരിക്കണമെന്നു നിർബന്ധമുണ്ടോ ? ഉണ്ടെങ്കിൽ ആ വ്യവസ്ഥ മാറ്റുന്നതിനെക്കുറിച്ചാലോചിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ ഒരു പദ്ധതിയുള്ളതു വേറെയാണ്. ഗവൺമെൻറുസ്കൂൾകെട്ടിടങ്ങൾ ഗവൺമെൻറാഭിമുഖ്യ ത്തിൽ നിർമ്മിക്കുന്നതിനുപുറമേ, നാട്ടുകാർ പാതിയും സർക്കാർ പാതിയും പണമെടുത്ത് കെട്ടിടമുണ്ടാക്കാനുള്ള വേറൊരു പദ്ധതിയുണ്ട്. പൊതു ജനങ്ങൾ അതിനുവേണ്ടി മുന്നോട്ടുവന്നിട്ടുള്ള സ്ഥിതിക്ക് അതു പ്രയോജ നപ്പെടുത്തുന്നതിനാണുദ്ദേശിക്കുന്നത്; മാറ്റണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. കെ. കെ. അബു: സർ, ഇതുമായി നേരിട്ടു ബന്ധ മില്ലെങ്കിലും.....

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. നേരിട്ടു ബന്ധമില്ലാത്ത താണെങ്കിൽ അനുവദിക്കാൻ പറ്റുകയില്ല.

ശ്രീ. കെ. കെ. അബു: സർ, ബന്ധമുള്ളതാണ്. കണ്ണമം സ്കൂളി നെപ്പറ്റിയുള്ളതാണ്. കണ്ണമം യു. പി. സ്കൂളിൻെറ കെട്ടിടം പണിയു ന്നതിന് ധനസഹായം നൽകാൻ ദയവുണ്ടാകുമോ ? മുൻപ് അതിനെപ്പറ്റി മന്ത്രി പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കണ്ണമം യു. പി. സ്കൂളിനു ധനസഹായം ചെയ്യാൻ നിലവിലുള്ള നിയമപ്രകാരം വ്യവസ്ഥയില്ല. ഇതുപോലുള്ള അത്യാഹിതങ്ങൾ ഉണ്ടാകുമ്പോൾ സ്കൂൾകെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം ചെയ്യാൻ കഴിയുമോ എന്ന് ആലോചി ക്കേണ്ടിയിരിക്കുന്നുവെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. അതിനെപ്പറ്റി തീരുമാനമായിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: എൽ.പി. സ്കൂളുകൾക്കും, യു.പി. സ്കൂളുകൾക്കും കെട്ടിടങ്ങളുണ്ടാക്കുന്നതിന് ടെണ്ടർ വിളിച്ചശേഷം കൺട്രാക്ടർമാരില്ലാത്തതുകൊണ്ട് ഷെഡ്യൂൾ റിവൈസ് ചെയ്തുവെന്നു പറഞ്ഞു. റിവൈസ് ചെയ്തതനുസരിച്ച് വീണ്ടും ടെണ്ടർ വിളിക്കുന്ന തിനു നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എനിക്ക് അതിൻെറ സാങ്കേതിക വശമെന്താണെന്നറിഞ്ഞുകൂടാ. അത് മരാമത്തുവകുപ്പിൻെറ കാര്യമാണ്. നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനു പൊതുമരാമത്തുവകുപ്പിനെ പ്രേരി പ്പിക്കാം.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) സ്കൂൾകെട്ടിടങ്ങൾ നിർമ്മിക്കു ന്നതിന് ഓരോ ജില്ലയിലും എത്ര ചെലവായി, അനുവദിച്ചതിൽ എത്ര ബാക്കിയുണ്ട്, എത്ര കെട്ടിടങ്ങൾ കെട്ടി ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ജില്ലതിരിച്ചുള്ള വിവരങ്ങളില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: എത്ര സ്കൂളുകൾക്കാണ് സ്വന്തം കെട്ടിടങ്ങളില്ലാത്തത് ? കെട്ടിടങ്ങളില്ലാത്തത്, പണ്ടുണ്ടായിരുന്ന കെട്ടിടം

LIBRARY ARCHIVES Kerala Legislative Assembly

6926 07

നശിച്ചുപോയതുകൊണ്ടാണോ കെട്ടിടമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം കൊടുത്തതുകൊണ്ടാണോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആകെ എത്ര സ്കൂളുകൾക്കാണ് കെട്ടിടമില്ലാത്തതെന്നുള്ള കണക്ക് കൈവശമില്ല. കെട്ടിടങ്ങളില്ലാതാകുന്നത് പല കാരണങ്ങളാലാണ്: കുട്ടികൾ വർദ്ധിക്കുന്നതനുസരിച്ചു ആവശ്യത്തിനുമതിയാകുന്നത്ര കെട്ടിടങ്ങളില്ലാതെ വരുന്നു, പഴയകെട്ടിടങ്ങൾ നശിച്ചുപോകുന്നതുകൊണ്ടും ടെമ്പററി ഷെഡ്ഡുകൾക്കു കേടുവന്നു പോകുന്നതുകൊണ്ടും ഒക്കെ കെട്ടിടങ്ങളില്ലാതെ വരുന്നു. ഇതൊക്കെ സാധാരണ എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന ശേഷം ഈ സംസ്ഥാനത്ത് ആകെ എത്ര പുതിയ സ്കൂൾകെട്ടിടങ്ങൾ കെട്ടിയെന്നു പറയാൻ ദയവുണ്ടാകുമോ ? എത്ര കെട്ടാൻ ഉദ്ദേശിക്കുന്നുണ്ട് ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: 1967–68-ൽ 1932 സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. 1968–69 അവസാനം വരെ 681 കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ, 1969 ജൂൺ അവസാനം വരെ നിർമ്മിച്ചകെട്ടിടങ്ങൾ 70. 418 കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. 88 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു നടപടിയെടുത്തിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ 105 ലക്ഷം രൂപ ഇതിനു വകയിരുത്തിയിട്ടുണ്ട്. അതിൽ 46 ലക്ഷം ചെലവഴിച്ചുകഴിഞ്ഞു. ബാക്കിയും ചെലവഴിച്ചു എന്നുതന്നെ പറയാം, നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. മുഴുവൻ സർക്കാർസ്കൂളുകൾക്കും ആവശ്യമായ കെട്ടിടങ്ങൾ കെട്ടാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ നിർമ്മിക്കുകയാണെങ്കിൽ അതിനാവശ്യമായ തുക ഒരു ഏകദേശ എസ്റ്റിമേറനുസരിച്ചു 15 കോടിയോളം രൂപ വരും.

ശ്രീ. ഇ. ടി. കുഞ്ഞൻ: ഇന്ന് സംസ്ഥാനത്തു നിലവിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് മൂന്നുമാസത്തിനകം ഹാജരാക്കണമെന്ന് ഉത്തരവുണ്ടായതനുസരിച്ച് എത്രപേർ ഹാജരാക്കി എന്നു പറയാനും ഹാജരാക്കാത്തതിനെപ്പറ്റി അന്വേഷിക്കാനും ദയവുണ്ടാകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പറയാനും അന്വേഷിക്കാനും ദയവുണ്ടാകും; പക്ഷേ ഈ ചോദ്യവുമായി ബന്ധമില്ലാത്തതുകൊണ്ട് ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

ശ്രീ. എം. എം. തോമസ്: തൊടുപുഴ താലൂക്കിലുള്ള ട്രൈബൽ സ്കൂളുകൾക്ക് കെട്ടിടമില്ല. അവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടിയെടുക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കെട്ടിടങ്ങൾ അനുവദിക്കുമ്പോൾ ട്രൈബൽ സ്കൂളുകളെ ഒഴിച്ചു നിർത്തുകയില്ല.

ശ്രീ. ബി. മാധവൻനായർ: കെട്ടിടങ്ങൾ അനുവദിക്കുന്നതു പ്രയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണെന്നുപറഞ്ഞു. ഈ പ്രയോറിറ്റി ലിസ്റ്റുതയ്യാറാക്കുന്നതിനു സ്വീകരിക്കേണ്ട പൊതു മാനദണ്ഡങ്ങളെക്കുറിച്ച് യാതൊരുനിർദ്ദേശവും ഗവൺമെൻറു നൽകിയിട്ടില്ല. ജില്ലാ വികസനസമിതിയിൽ പലശുപാർശകളും സമ്മർദ്ദങ്ങളും നടക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പ്രയോറിറ്റി നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുമൂലം, പല സ്ഥലത്തും തീപിടിച്ചും ഇടിഞ്ഞും പോയിട്ടുള്ളതിനു പകരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുപോലും പ്രയോറിറ്റി കിട്ടാതിരിക്കുന്നതിനാൽ, പ്രയോറിറ്റി നിശ്ചയിക്കുന്ന കാര്യത്തിൽ പൊതുതത്വങ്ങൾ നൽകാൻ തയ്യാറാകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഒരു മാനദണ്ഡവും ഇല്ലെന്നു പറയുന്നതു ശരിയാണെന്നു തോന്നുന്നില്ല. ആദ്യത്തെ പ്രയോറിറ്റി ലിസ്റ്റ് സർക്കാർ ആഭിമുഖ്യത്തിൽ തയ്യാറാക്കിയതായിരുന്നു. വളരെ അധികം വിഷമമനുഭവിക്കുന്ന സ്കൂളുകൾക്കും, വിദ്യാർത്ഥികൾ വളരെ തിങ്ങിക്കൂടിയസ്ഥലങ്ങൾക്കും, കെട്ടിടങ്ങൾ ഇടിഞ്ഞുപോയ സ്കൂളുകൾക്കും മുൻഗണന എന്നിങ്ങനെ ചില മാനദണ്ഡങ്ങൾ ഉണ്ട്. ആകെ നിർമ്മിക്കാൻ കഴിയുന്ന കെട്ടിടങ്ങളുടെ സംഖ്യയും ആകെ ആവശ്യമുള്ള കെട്ടിടങ്ങളുടെ സംഖ്യയും തമ്മിൽ വലിയവ്യത്യാസമുണ്ടാകുമ്പോൾ ഇതുപോലെ, സമ്മർദ്ദം ചെലുത്തിയെന്നും മറ്റുമുള്ള പരാതി ന്യായമായും ഉയർന്നുവരാവുന്നതാണ്.

ശ്രീ. എസ്. ദാമോദരൻ: എസ്റ്റിമേറ്റു റിവൈസുചെയ്യുന്നതിനും തുടർന്നുള്ള നടപടികൾ നടത്തുന്നതിനുള്ള മാന്ദ്യം കാരണം, എസ്റ്റിമേറ്റ് റിവൈസുചെയ്തു ടെണ്ടർ വിളിക്കേണ്ട ഘട്ടം വരുമ്പോഴേക്കും വീണ്ടും റിവൈസ്ചെയ്യേണ്ട സാഹചര്യമുണ്ടാവുകയാണ്. തുടർന്നുള്ള നടപടികൾ വേഗം നടക്കാത്തതുകൊണ്ട് പണി നടക്കാത്ത കെട്ടിടങ്ങളുണ്ട്. അതുകൊണ്ട് മാന്ദ്യം ഉണ്ടാകുന്ന നടപടികൾ ഒഴിവാക്കി നടപടികൾ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ചോദ്യത്തിലെ സൂചന ഞാൻ നിഷേധിക്കുകയാണ്. മന്ദഗതി അവസാനിപ്പിക്കാനും ദ്രുതഗതിയിൽ നടത്താനുള്ള എർപ്പാടുകൾ ഊർജ്ജിതമായി ചെയ്തതിന്റെ ഫലമായിട്ടാണ് ഒരു ദിവസം ഒരു സ്കൂൾക്കെട്ടിടം എന്ന നിലയിൽ കെട്ടിടങ്ങൾ ഉണ്ടാക്കിയത്. മന്ദഗതിയിലാണെങ്കിൽ അങ്ങനെ നടക്കുകയില്ല.

ശ്രീ. ഇ. ജോൺ ജേക്കബ്ബ്: പുതിയ കെട്ടിടങ്ങൾക്ക് 50 ശതമാനം പബ്ലിക്ക് കാൺട്രിബ്യൂഷൻ ഉണ്ടെങ്കിൽ ബാക്കി ഗവൺമെൻറു തരാമെന്നു പറഞ്ഞു. ഒരു എൽ. പി. സ്കൂളിന് വേണ്ട പബ്ലിക് കാൺട്രിബ്യൂഷൻ എന്തായിരിക്കും, യു. പി. സ്കൂളിനു വേണ്ടത് എന്തായിരിക്കും ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് എസ്റ്റിമേറ്റിൽ എന്തു പറയുന്നോ അതനുസരിച്ചായിരിക്കും. എത്ര ക്ലാസ്സുണ്ട്, എത്ര കുട്ടികളുണ്ട് എന്നതിനെ ആശ്രയിച്ചിരിക്കും. ചെറിയ സ്കൂളാണെങ്കിൽ 20,000 രൂപയുടെ എസ്റ്റിമേറ്റായിരിക്കും. അത് എനിക്കു നോക്കാതെ പറയാൻ കഴിയുകയില്ല. കെട്ടിടനിർമ്മാണം മരാമത്തുവകുപ്പിന്റെ കാര്യമാണ്,

ശ്രീ. ജി. ഗോപിനാഥൻ പിള്ള: പബ്ലിക്ക് കാൺട്രിബ്യൂഷൻകൊണ്ട് എത്ര കെട്ടിടങ്ങൾ ഇതിനകം നിർമ്മിച്ചിട്ടുണ്ട് എന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വ്യക്തമായ കണക്ക് കൈവശമില്ല. എത്രാനും കെട്ടിടങ്ങൾനിർമ്മിച്ചിട്ടുണ്ടെന്നാണറിയുന്നത്. ഓരോ ജില്ലയിലും എത്രാനും ലക്ഷം രൂപ ചെലവായിട്ടുണ്ട്. കോട്ടയം, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

പോലുള്ള ചില ജില്ലകളും ഈ പദ്ധതി വേണ്ടപോലെ പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നാണറിയുന്നത്. പ്രത്യേകം കണക്ക് ശേഖരിച്ചുവച്ചിട്ടില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന പ്രൈമറി സ്കൂളുകൾക്കു മുൻഗണന നൽകുമെന്നു പറഞ്ഞു. പത്തു പന്ത്രണ്ടു വർഷമായി ഇടിഞ്ഞുപൊളിഞ്ഞ നിലയിൽ കിടക്കുന്ന കൊഴിഞ്ഞാംപാറ സ്കൂളിന് നിവേദനങ്ങൾ നടത്തിയിട്ടും പ്രയോറിറ്റി നൽകാത്തതെന്തുകൊണ്ടാണ് ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കൊഴിഞ്ഞാമ്പാറ സ്കൂളിനെപ്പറ്റി മാത്രമേ നിവേദനം നടത്തിയിട്ടുള്ളു എന്നു ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നതു ശരിയല്ല. ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന സ്കൂളുകളുടെ ലിസ്റ്റുവച്ചിട്ട് അതിൽ ഏറ്റവും മോശമായനിലയിലുള്ളവയ്ക്കാണു മുൻഗണന നൽകിവരുന്നത്.

ശ്രീ. പി. കെ. രാഘവൻ: ഹരിജനക്ഷേമവകുപ്പിൽ നിന്നു വിദ്യാഭ്യാസവകുപ്പിലേക്ക് ഏറെടുത്തിട്ടുള്ള സ്കൂളുകളിൽ പലതിനും കെട്ടിടങ്ങളില്ല. അതിൽ പലതും വാടകക്കെട്ടിടങ്ങളിലാണു നടത്തുന്നത്. മരച്ചുവടുകളിൽ ക്ലാസ്സുകൾ നടത്തുന്ന സ്കൂളുകളുമുണ്ട്. കഴിഞ്ഞ നാലുവർഷമായി കരവാളൂർ സ്കൂളിൽ മരച്ചുവട്ടിൽവച്ചാണു ക്ലാസ്സു നടത്തുന്നത്. അതുപോലെതന്നെ നെടുവണ്ണൂരും മരച്ചുവട്ടിൽവച്ചു ക്ലാസ്സുനടത്തുന്നുണ്ട്. ഇത്തരം സ്കൂളുകൾക്ക് കെട്ടിടം ഉണ്ടാക്കുന്ന കാര്യത്തിൽ മുൻഗണന നൽകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സ്കൂളുകളുടെ മുൻഗണനാലിസ്റ്റു തയ്യാറാക്കുന്നതിന്റെ അർത്ഥംതന്നെ അതാണ്. മുൻഗണനാലിസ്റ്റു തയ്യാറാക്കുമ്പോൾ മരച്ചുവട്ടിലും മറ്റും ക്ലാസ്സുകൾനടത്തുന്ന സ്കൂളുകൾക്ക് മുൻഗണനലഭിക്കുമെന്നാണ് എന്റെ വിശ്വാസം. ഹരിജനവകുപ്പിൽനിന്ന് ഗവൺമെന്റു ഏറെടുത്ത പലസ്കൂളുകൾക്കും കെട്ടിടങ്ങളില്ല. കെട്ടിടങ്ങളില്ലാത്ത പല സ്കൂളുകളും വിദ്യാഭ്യാസവകുപ്പ് ഏറെടുത്തതിന്റെ ഫലമായിട്ടാണ് ഇത്രയധികം ഭാരം ഈ കാര്യത്തിൽ ഗവൺമെന്റു വഹിക്കേണ്ടിവന്നത്.

ശ്രീ. കെ. ടി. ജോർജ്ജ്: സ്കൂൾകെട്ടിടങ്ങൾ നിർമ്മിക്കുന്നകാര്യത്തിൽ ജില്ലാവികസന സമിതിയുടെ ശുപാർശയ്ക്കു മുൻഗണന നൽകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരുടെ ശുപാർശകളുടെ അടിസ്ഥാനത്തിലായിരുന്നു ഗവൺമെന്റു ഒന്നാമത്തെ മുൻഗണനാപട്ടിക തയ്യാറാക്കിയിരുന്നത്. അതിനുശേഷം ജില്ലാവികസന സമിതികളുടെ ശുപാർശകൾക്ക് മുൻഗണന നൽകണമെന്ന തീരുമാനം ഗവൺമെന്റു പരിഗണിച്ചുവരികയാണ്. ചില പ്രത്യേക പരിതഃസ്ഥിതിയിൽ അതിനു വ്യത്യാസം വന്നേക്കാമെങ്കിലും പ്രായേണ ജില്ലാവികസന സമിതികളുടെ ശുപാർശയാണ് സ്വീകരിക്കുക.

ശ്രീ. എ. എസ്. പുരുഷോത്തമൻ; എസ്റ്റിമേറ്റു പ്രകാരമുള്ള ടെൻഡർ അനുസരിച്ചു കൺട്രാക്റ്റർമാർ ജോലിയാരംഭിക്കുമെങ്കിലും എസ്റ്റിമേറ്റു റിവൈസ് ചെയ്യാതെതന്നെ ഏതെങ്കിലും വർക്കിനെ റേറ്റു കൂട്ടി കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്കൂളുകൾക്ക് ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു വിവരം ശേഖരിക്കാതെ പറയാൻ സാദ്ധ്യമല്ല; പൊതുമരാമത്തുവകുപ്പാണ് അത് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. കോരൻ: സ്കൂളുകളും നന്നാക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റു തയ്യാറാക്കിയപ്പോൾ പാലക്കാട്ടു അട്ടപ്പാടിയിലെ സ്കൂൾകെട്ടിടം നന്നാക്കുന്നതിന് മുൻഗണനാലിസ്റ്റിൽ പെടുത്തിയിരുന്നതാണ്. ഏതോ സാങ്കേതിക തടസ്സംമൂലം ഇപ്പോൾ അതുമാറ്റിവെച്ചിരിക്കുകയാണ്. ആ വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതിന്മേൽ സത്വരനടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ പറഞ്ഞു 1932 സ്കൂളുകളും ഈ വിഭാഗത്തിലുണ്ടെന്ന്. അതിൽ ഈ സ്കൂൾ ഉൾപ്പെടുമോ എന്ന് അത്ഭുതാവഹമായ ഓർമ്മശക്തിയുള്ളവർക്കേ പറയാൻപറ്റൂ.

ശ്രീ. പി. വി. എബ്രഹാം: സ്കൂൾ കെട്ടിടങ്ങൾക്കു വേണ്ടി വരുന്ന ചെലവു 50 ശതമാനം ഗവൺമെൻറും 50 ശതമാനം നാട്ടുകാരും എടുക്കണമെന്ന വ്യവസ്ഥയിൽത്തന്നെ, ടെൻഡർവിളിക്കാതെ കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ ചുമതല നാട്ടുകാരുടെ കമ്മിറ്റിയെയോ, പഞ്ചായത്തുനാമിനിയെയോ ഏൽപ്പിക്കാൻ നടപടിഎടുക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ ഉറപ്പുപറയാൻ സാദ്ധ്യമല്ല. ഈ നിർദ്ദേശം പരിഗണിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: മരാമത്തുവകുപ്പാണ് ഈ ടെൻഡർ നടത്തുന്നതെന്നു പറഞ്ഞു. കഴിഞ്ഞതവണ ടെൻഡർചെയ്തിട്ടുള്ള എസ്റ്റിമേറ്റുക കുറവാണെന്നുകണ്ട് കൺട്രാക്റ്റർമാർ മുന്നിട്ടുവരാത്തതിനാൽ, വിശേഷിച്ച് ഹരിജൻവെൽഫെയർ ഡിപ്പാർട്ടുമെൻറിൽനിന്നു കൈമാറിയ സ്കൂളുകളുടെ കാര്യത്തിൽ എസ്റ്റിമേറ്റു വീണ്ടും ടെൻഡർ വിളിച്ചുകൊടുത്തിട്ടുണ്ട്. ഇത്തരം ടെൻഡറുകൾ റേറ്റുമാറ്റി വീണ്ടും ടെൻഡർചെയ്യാൻ നിർദ്ദേശം നൽകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മുൻപു ടെൻഡർ വിളിച്ചതു രണ്ടാമതു ടെൻഡർ വിളിക്കാതെയുള്ളതു വിട്ടുപോയതാണോ എന്നു നിശ്ചയമില്ല. ബഹുമാനപ്പെട്ട മെമ്പർ ഏതെങ്കിലും പ്രത്യേക സ്കൂളിന്റെ കാര്യം കത്തുമൂലം അറിയിച്ചാൽ അന്വേഷിക്കാം.

ശ്രീ. ഇ. അഹമ്മദ്: കണ്ണൂർജില്ലയിൽ പല സ്കൂളുകളുടെയും ടെൻഡർ വിളിച്ചു പണി കൺട്രാക്റ്റർമാരെ ഏൽപ്പിച്ചിട്ടു പണി പൂർത്തിയാകാതെ കിടക്കുകയാണ്. അന്വേഷണത്തിൽ മനസ്സിലാകുന്നത് സാമ്പത്തിക പ്രയാസമാണെന്നാണ്. ഈ പ്രയാസം പരിഹരിച്ചു കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കാൻ ഡിപ്പാർട്ടുമെൻറു നടപടി എടുക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആരുടെ സാമ്പത്തികപ്രശ്നമാണെന്നു വ്യക്തമായില്ല. ഗവൺമെൻറിന്റെ സാമ്പത്തിക പ്രയാസമാണെങ്കിൽ ഗവൺമെൻറു അതിനുവേണ്ട പണം കൊടുക്കുന്നതാണ്. കൺട്രാക്റ്ററുടെ സാമ്പത്തികപ്രയാസംകൊണ്ടാണു പണി പൂർത്തിയാക്കാതിരിക്കുന്നതെങ്കിൽ നിയമപ്രകാരം നടപടി എടുക്കുന്നതാണ്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: കെട്ടിടനിർമ്മാണത്തിനു ആവശ്യമായ സമ്പത്തില്ലെന്ന കുഴപ്പമാണ് ചൂണ്ടിക്കാണിച്ചത്. അങ്ങനെയാണെങ്കിൽ നമ്മുടെ ലോട്ടറി ഈ കാര്യത്തിനുവേണ്ടി പ്രത്യേകം നടത്തുകയും, അതിൽ നിന്നുകിട്ടുന്ന ആദായം ഈ ആവശ്യത്തിന് വിനിയോഗിക്കുകയും ചെയ്യണമെന്ന നിർദ്ദേശം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം ബന്ധപ്പെട്ട എല്ലാവരുടെയും ശ്രദ്ധയിൽ പെടുന്നതാണ്.

ശ്രീ. പന്തളം പി. ആർ. മാധവൻ പിള്ള: വാടകക്കെട്ടിടങ്ങളിൽ നടത്തുന്ന സ്കൂളുകൾ ധാരാളം നമ്മുടെ രാജ്യത്തുണ്ട്. അത്തരം സ്കൂളുകൾക്ക് മുൻഗണനകൊടുത്തു ഗവൺമെൻറുവക കെട്ടിടങ്ങൾ പണിയാൻ പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: വാടകക്കെട്ടിടങ്ങളെങ്കിലും ഉണ്ടല്ലോ. അതുപോലുമില്ലാത്ത സ്കൂളുകൾ ധാരാളമുണ്ട്. മലബാർപ്രദേശത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഏറനാട്-തിരൂർ രണ്ടു താലൂക്കുകളിൽ മാത്രമായി 600-ൽ ചിലപ്പോൾ സ്കൂളുകൾ വാടകക്കെട്ടിടങ്ങളിലാണെന്നുമാത്രമല്ല, അങ്ങോട്ടുമിങ്ങോട്ടും വികസിപ്പിക്കാൻ സ്ഥലംപോലുമില്ലാത്ത സ്ഥിതിയിലാണ്. അടിയന്തരമായി സ്ഥലം വാങ്ങി കെട്ടിടം ഉണ്ടാക്കേണ്ടിയിരിക്കുകയാണ്. ഇതൊരു സങ്കീർണ്ണപ്രശ്നമാണ്. വിപുലമായ ഈ പ്രശ്നത്തിൻെറ പ്രത്യേകത ബഹുമാനപ്പെട്ട മെമ്പറന്മാരും സഭയും മനസ്സിലാക്കുമെന്നാണ് എൻെറ വിശ്വാസം.

കാർഷിക വായ്പ

*264 [929] സർവ്വശ്രീ സി. ഗോവിനന്ദപ്പണിക്കർ:
,, പി. കുഞ്ഞൻ:
,, ഇ. ബാലാനന്ദൻ:
,, വി. വി. ദക്ഷിണാമൂർത്തി:
,, എസ്. ദാമോദരൻ:
,, വി. എസ്. അച്യുതാനന്ദൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, എ. പി. കുര്യൻ:
,, എൻ. വാസുദേവൻപിള്ള:
,, സി. കെ. ബാലകൃഷ്ണൻ:
,, പി. കെ. കുഞ്ഞച്ചൻ:
,, സി.ബി. ചന്ദ്രശേഖരവാര്യർ:
,, എ. എസ്. എൻ. നമ്പീശൻ:

} താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയംമറുപടി നൽകുമോ:

(എ) കേരളഗവൺമെൻറു കൃഷിക്കാർക്കു നൽകിയിട്ടുള്ള താൽക്കാലിക പട്ടയത്തെ ആധാരമാക്കി പ്രസ്തുത ഭൂവുടമകൾക്കു കാർഷിക വായ്പ നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുതവായ്പ എത്തെല്ലാം ബാങ്കുകൾ മുഖേന ലഭിക്കുമെന്നു പറയാമോ ?

കൃഷിയുംവിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിനന്ദൻ നായർ) :

(എ) താൽക്കാലിക പട്ടയം ആധാരമാക്കി കർഷകർക്കു കാർഷിക വായ്പ ലഭിക്കുന്നതിനുള്ള ചട്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട്. പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്റ്റേറ്റു കോവാപ്പറേറ്റിവു ബാങ്കു മുഖേനയാണ് വായ്പ ലഭിക്കുന്നത്.

ശ്രീ. പി. കുഞ്ഞൻ : സ്റ്റേറ്റു ബാങ്ക് ആഫ് ട്രാവൻകൂർ മുഖേന പട്ടയം കിട്ടിയിട്ടുള്ള കർഷകർക്കു വായ്പ കൊടുക്കണമെന്നു ഗവൺമെൻറ് തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : സ്റ്റേറ്റു ബാങ്ക് ആഫ് ട്രാവൻകൂറുമായിട്ട് ചില പ്രദേശങ്ങളിലെ കണ്ടുകൃഷി സംഘടനകൾക്കു കടം കൊടുക്കുന്നതിനെപ്പറ്റി ചർച്ചകൾ നടത്തിയിട്ടുണ്ട്. അതിന് അനുകൂലമായ പ്രതികരണമാണ് അവർക്കുണ്ടായിട്ടുള്ളത്. ആ ബാങ്കുമായിട്ടുമാത്രമല്ല മറ്റു ബാങ്കുകളുടെ പ്രതിനിധികളുമായിട്ടു ചർച്ച നടത്തിയിട്ടുണ്ട്. അതിൽ പറഞ്ഞ വ്യവസ്ഥയനുസരിച്ചു കടം കൊടുക്കാൻ അവർ സന്നദ്ധമാണ്.

ശ്രീ. പി. കുഞ്ഞൻ : ഈ കരാർ അനുസരിച്ചു ഏതെങ്കിലും കർഷകർക്കു ഇതിനകം വായ്പ കൊടുത്തിട്ടുണ്ടോ, ഏതു പ്രദേശത്ത്, എത്ര സംഖ്യ കൊടുത്തിട്ടുണ്ട് ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ബാങ്കുകൾ നേരിട്ടു കൊടുക്കുന്നതാണിത്. അതിനെ സംബന്ധിച്ച വിശദവിവരങ്ങൾ ഗവൺമെൻറിന്റെ കൈവശമില്ല. എന്നു മാത്രമല്ല, ഈ ചർച്ച അവസാനിച്ചതിനു ശേഷമാണ് ബാങ്കുകൾ ദേശസാൽക്കരിച്ചുകൊണ്ടുള്ള സന്തോഷകരമായ വാർത്ത വന്നത്. അതിനുശേഷം കർഷകർക്കു എങ്ങനെ സഹായം നൽകണമെന്നുള്ളതു അഖിലേൻഡ്യാടിസ്ഥാനത്തിൽ ആലോചിച്ചു തീരുമാനിക്കേണ്ടതായിട്ടാണിരിക്കുന്നത്. ചർച്ച നടന്നുകൊണ്ടിരിക്കുകയാണ് അതിന്റെ അവസാന തീരുമാനം ആയതിനുശേഷം ഏതെല്ലാം രീതിയിൽ എങ്ങനെയെല്ലാം കർഷകർക്കു വായ്പാ സൗകര്യം നൽകാമെന്നു വ്യവസ്ഥയുണ്ടാകേണ്ടിയിരിക്കുകയാണ്.

ശ്രീ. എസ്. ദാമോദരൻ : കർഷകർക്കു വായ്പ നൽകുന്നതിനെ സംബന്ധിച്ച മാനദണ്ഡമെന്താണ് ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : പ്രധാനമായി സഹകരണ സംഘങ്ങൾ വഴിയാണു വായ്പകൾ നൽകുന്നത്. ഓരോ സ്ഥലത്തും കൃഷിയുടെ ആവശ്യമനുസരിച്ചു ഓരോ മാനദണ്ഡം സ്വീകരിച്ചിട്ടുണ്ട്. വിശദവിവരം ഗവൺമെൻറിന്റെ കൈവശമില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സ്വന്തമായി ഭൂസ്വത്തു ഇല്ലാതിരിക്കുകയും പാട്ടത്തിനു കൈവശം ഭൂമി ഉണ്ടായിരിക്കുകയും ചെയ്യുന്ന കൃഷിക്കാർക്കു വിളവിന്റെ ജാമ്യത്തിൻമേൽ വായ്പ നൽകാൻ എന്തെങ്കിലും പദ്ധതി ഗവൺമെൻറിനുണ്ടോ, ഇല്ലെങ്കിൽ അതിനെ സംബന്ധിച്ചു അടിയന്തിരമായി ആലോചിക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ തരത്തിലുള്ള വ്യവസ്ഥയാണിന്നുള്ളത്. ഹ്രസ്വകാല വായ്പക്കു വിളവിന്റെ അടിസ്ഥാനത്തിൽ കടം കൊടുക്കാൻ ഇന്നു തന്നെ നിയമമുണ്ട്.

ശ്രീ. എ. എസ്. നമ്പീശൻ : തങ്ങൾ പണി എടുക്കുന്ന ഭൂമിക്കു നികുതി കൊടുക്കുന്നതിന്റെ രസീതില്ലാത്തതിനാൽ പല കർഷകർക്കും

LIBRARY ARCHIVES Kerala Legislative Assembly

വായ്പ ലഭിക്കുന്നില്ല. അത്തരം രേഖയില്ലെങ്കിലും ഭൂമി കൈവശമുണ്ടെങ്കിൽ അങ്ങനെയുള്ളവർക്കു വായ്പ കിട്ടാനുള്ള ഏർപ്പാടു ചെയ്യുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇന്നത്തെ വ്യവസ്ഥ അനുസരിച്ച് കൃഷിഭൂമി കൈവശമാണെങ്കിൽ കടം കൊടുക്കുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇപ്പോഴും കാർഷിക വായ്പ പ്രധാനമായും സഹകരണ ബാങ്കുകൾ വഴി കൊടുക്കുന്നുണ്ട്. എന്നാൽ സഹകരണ ബാങ്കുകളിൽ നിന്നും വായ്പകൾ വാങ്ങുന്നതിനു ഷെയർ ലിങ്കിംഗ് ആവശ്യപ്പെടുകയാണെന്നും എന്നാൽ മറ്റു ബാങ്കുകളിൽ ഷെയർ ലിങ്കിംഗ് ഇല്ലാതെ തന്നെ വിപുലമായ തോതിൽ കടം കൊടുക്കുന്ന പദ്ധതി നിലവിലുള്ളതു കൊണ്ടു സഹകരണ സംഘങ്ങളെ സംബന്ധിച്ചിടത്തോളം കുഴപ്പമുണ്ടാകുമെന്നുള്ളതുകൊണ്ടു ഗവൺമെന്റു തലത്തിൽ സഹകരണബാങ്കുകളുമായി കൂടിയാലോചന നടത്തി ഇതു ഏതുരീതിയിൽ മുമ്പോട്ടു കൊണ്ടു പോകണമെന്നു ഒരു തീരുമാനം എടുക്കുന്നതിനു പരിശ്രമിക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇതു ഈയിടെ പുതുതായി ഉണ്ടായിട്ടുള്ള ഒരു സ്ഥിതിവിശേഷമാണ്. സഹകരണ ബാങ്കുകളും വായ്പ കൊടുക്കുന്ന കാര്യത്തിൽ അവർക്കുള്ള റൂളുകളും ചട്ടങ്ങളും പ്രതിബന്ധം ഉണ്ടാക്കുന്നതിനെ തരണം ചെയ്തുകൊണ്ടാണ് പ്രൈവറ്റു ബാങ്കുകളും അല്ലെങ്കിൽ നാഷണലൈസ് ചെയ്ത ബാങ്കുകളും കടം കൊടുക്കുവാൻ പോകണമെന്നുള്ള വസ്തുത മനസ്സിലാക്കികൊണ്ടു സ്റ്റേറ്റു കോവാപ്പറേറ്റീവു ബാങ്കിന്റെ ഡയറക്ടേഴ്സും അതിലെ പ്രമാണികളും അവരുടെ റൂളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനു പരിശ്രമിക്കുക എന്നുള്ളതാണ് ചെയ്യാവുന്നതായ കാര്യം. ആ കാര്യം ചർച്ച ചെയ്യുന്നതിനു ഗവൺമെന്റു മുൻകൈ എടുക്കുന്നതാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ : സഹകരണ ബാങ്കുകളിൽ നിന്നും കിട്ടുന്ന വായ്പകളെ സംബന്ധിച്ചിടത്തോളം ബാങ്കുകൾ ഈടാക്കുന്ന പലിശ ദുർവഹമായതുകൊണ്ടു പലരും അതു വാങ്ങുന്നതിനു മടി കാണിക്കുന്നുണ്ടെന്നുള്ള കാര്യം മനസ്സിലാക്കി പലിശ കുറവുള്ള ലോൺ ഗവൺമെന്റു നേരിട്ടു കൊടുക്കുന്നതിനു നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതു പ്രായോഗികമായി നടക്കാത്ത കാര്യമാണ്. ഇൻഡ.സ്ട്രിയൽ വായ്പ അങ്ങനെ കുറഞ്ഞ നിരക്കിനു ഗവൺമെന്റു കൊടുക്കുന്നുണ്ട്. കാർഷികാവശ്യങ്ങൾക്കുവേണ്ടി മുൻപു ഗവൺമെന്റു അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിൽനിന്നും കൊടുത്തിട്ടുണ്ട്, എന്നാൽ നാം ആഗ്രഹിക്കുന്ന രീതിയിലുള്ള ലക്ഷോപലക്ഷം കർഷകർക്കു കടം ലഭിക്കണമെങ്കിൽ അതു നേരിട്ടു കൊടുക്കുവാൻ ഗവൺമെന്റിനു നിർവാഹമില്ല. കോവാപ്പറേറ്റീവു ബാങ്കു മുഖേനയേ നടക്കൂ, ഇന്നു അതിനു മൂന്നു തലങ്ങൾ ഉണ്ട്. അതിൽ ഏതെങ്കിലും കുറച്ചോ അല്ലെങ്കിൽ അവർ ഈടാക്കുന്ന പലിശയിൽ അൽപ്പസ്വൽപ്പം വിട്ടുവീഴ്ച ചെയ്തുകൊണ്ടോ ചെയ്യാവുന്നതാണ്. പലിശ കുറക്കാമോ എന്ന കാര്യം കോവാപ്പറേറ്റീവു ബാങ്കുകൾ പ്രത്യേകമായി പരിഗണിക്കേണ്ടതാണ്. വിശേഷിച്ചും ഇന്നു മറ്റു ബാങ്കുകൾ, കമേർഷ്യൽ ബാങ്കുകൾ ഇവരെക്കാൾ കുറഞ്ഞ നിരക്കിൽ കർഷകർക്കു പണം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്ന സാഹചര്യത്തിൽ സഹകരണ ബാങ്കുകളുടെ പ്രവർത്തനം അപകടത്തിൽ ആകുന്ന ഒരു സ്ഥിതിയുണ്ട്. അതുകൊണ്ടു സഹകരണ ഡിപ്പാർട്ടുമെൻറും ബാങ്കുകളും നേരത്തെ ആലോചിച്ചു ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കുകയാണ് നല്ലത്.

ശ്രീ. ഇ. ജോൺ ജേക്കബ്ബ് : എന്തായാലും കർഷകരെ സംബന്ധിച്ചിടത്തോളം കടം കിട്ടേണ്ടതു ഏറ്റവും അത്യാവശ്യമാണെന്നുള്ളതു കരുതി നാഷണലൈസ് ചെയ്ത ബാങ്കുകളും ഈ സഹകരണ ബാങ്കുകളും തമ്മിൽ പൊരുത്തക്കേടുണ്ടാക്കി എന്തെങ്കിലും കാരണവശാൽ കടം കൊടുക്കാൻ വയ്യാത്ത സാഹചര്യത്തിൽ ഗവൺമെൻറു തടസ്സമായി നിൽക്കാതെ പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഗവൺമെൻറു തടസ്സം ഉണ്ടാക്കുന്നില്ല. എന്നു മാത്രമല്ല കൂടുതൽ കടം വായ്പാ സൗകര്യങ്ങളും ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കേന്ദ്രഗവൺമെൻറ് ബാങ്കുകളെ ദേശസാൽക്കരിച്ചിരിക്കുകയാണ്. എന്നാൽ ദേശസാൽക്കരിക്കപ്പെട്ട ബാങ്കുകളുടെ പ്രവർത്തനവും സഹകരണസംഘങ്ങളുടെ യാഥാസ്ഥിതിക മനോഭാവത്തിലുള്ള ഇന്നത്തെ സമീപനത്തിലുള്ള പൊരുത്തക്കേടും മനസ്സിലാക്കികൊണ്ടു രണ്ടുകൂട്ടരും മൽസരിച്ചു കർഷകരെ സഹായിക്കുന്ന രീതിയിൽ മുന്നോട്ടു വരികയാണ്. കർഷകരെ സംബന്ധിച്ചിടത്തോളം ഇതു സഹായകരമായിരിക്കും.

ശ്രീ. എൻ. കണപതി : സർ. ഹരിജനങ്കളുക്കു டெம்பரரி பட்டயம் கொடுப்பதாலும் கைமாற்றம் செய்யக்கூடாது விதி இருப்பதாலும் லோண் சம்பந்தமாக சொஸைட்டி பங்கோ, மற்ற பேங்கோ உதவி செய்தால் லோண் திரும்பி கொடுக்கப்படாமல் போனால் சட்டப்படி செக்கூரிட்டி செய்யவோ ஹரிஜன பூமியை பேங்குக்கு எடுக்க முடியாததால் ஹரிஜனங்களுக்கு லோண் கொடுக்கப்படவில்லை. இந்த குறையை போக்கப்படுமா?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ആ കാര്യത്തെപ്പറ്റി പഠിക്കാതെ എനിക്കു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി : കാർഷിക ഭൂമി കൈവശമുണ്ടെങ്കിൽ കടം കൊടുക്കുവാൻ വ്യവസ്ഥയുണ്ടെന്നു പറഞ്ഞു. എന്നാൽ വളരെക്കാലമായി കൃഷി ഭൂമി കൈവശമുള്ള പാട്ടക്കാർക്കു കടം കൊടുക്കുന്നതു സ്റ്റേറ്റു ബാങ്കു നിഷേധിച്ചു വരുന്നുവെന്നുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : കർഷകർക്കു പ്രധാനമായും കടം കൊടുക്കുന്നതു സഹകരണ സംഘങ്ങൾ വഴിയാണ്. സഹകരണ സംഘങ്ങൾ കടം കൊടുക്കുന്നതിനു ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു ഒരു തടസ്സമായി നിന്നിട്ടില്ല എന്നാണ് ബോധ്യപ്പെട്ടിട്ടുള്ളത്. മറ്റു രീതിയിൽ എന്തെങ്കിലും വിഷമം വന്നിട്ടുണ്ടെങ്കിൽ അതു ഇന്നു കർഷകർക്കു ഏതു രീതിയിൽ കടം കൊടുക്കണമെന്നുള്ള കാര്യത്തെപ്പറ്റി ഒരു തീരുമാനം എടുക്കാത്തതുകൊണ്ടാണ്. അതു അടുത്തുതന്നെ ഉണ്ടാകുന്നതാണ്. വേറെ എന്തെങ്കിലും പ്രത്യേകമായ തടസ്സം വന്നിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. മാധവൻ നായർ : ഭൂ ഉടമകൾക്കു വിതരണം ചെയ്ത താൽക്കാലിക പട്ടയങ്ങളിൽ കൈമാറ്റം ചെയ്യാനോ പണയപ്പെടുത്താനോ പാടില്ല എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ടു പ്രസ്തുത താൽക്കാലിക പട്ടയം പണയം വച്ചുകൊണ്ടു കടത്തിനപേക്ഷിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു താൽക്കാലിക പട്ടയത്തിൻമേൽ കടം കൊടുക്കുന്നതിനുള്ള സൗകര്യത്തിനായി താൽക്കാലിക പട്ടയം പണയപ്പെടുത്താമെന്നും അതിൻമേൽ കടം കൊടുക്കാമെന്നും ഉള്ള ഉത്തരവു ഗവൺമെന്റു പുറപ്പെടുവിക്കുവാൻ തയാറാകുമോ ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമി താൽക്കാലിക പട്ടയത്തിലുള്ളതാണെങ്കിൽ അവരുടെ അവകാശം ക്യാൻസൽ ചെയ്തു ഭൂമി റെസ്യൂം ചെയ്തു പോകും എന്നുള്ളതുകൊണ്ടു പട്ടയം പണയപ്പെടുത്തുന്ന വ്യവസ്ഥ ബാധകമാക്കുവാൻ സാധിക്കുകയില്ല. എന്നാൽ കടം കിട്ടുന്നതിനായി ആ ബാധ്യതയുണ്ടെങ്കിലും കാർഷിക വായ്പ കൊടുക്കുന്നതിനുള്ള ബുദ്ധിമുട്ടു വരാതിരിക്കത്തക്കവണ്ണം വ്യവസ്ഥ പുതുക്കികൊണ്ടുള്ള നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്തു കഴിഞ്ഞു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സഹകരണബാങ്കുകൾ യാഥാസ്ഥിതിക മനോഭാവം കാണിക്കുന്നുവെന്നു പറയുകയുണ്ടായി. സഹകരണ ബാങ്കുകളിൽനിന്നും ലോൺ എടുക്കുന്നതിനു 1:8 അനുപാതം വച്ച് ഷെയർ എടുക്കണം എന്നു വ്യവസ്ഥയുണ്ട്. കമേർഷ്യൽ ബാങ്കുകളിൽ ഇങ്ങനെ ഷെയർ എടുക്കേണ്ട. പണം ലഭിക്കുന്നതിനു പ്രമാണമോ പാട്ടരസീതോ ഹാജരാക്കിയാൽ മതി. സഹകരണ ബാങ്കുകളുടെ റൂളിൽ മാറ്റം വരുത്തിയില്ലെങ്കിൽ സഹകരണ ബാങ്കുകൾ തന്നെ ഇല്ലാതാകുന്ന കാര്യം വരുമെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇന്നത്തെ ബാങ്കിന്റെ സ്ഥിതിയിൽ മുന്നോട്ടു പോയാൽ മറ്റു ബാങ്കുകളുടെ മാൽസരംകൊണ്ടു സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ കുഴപ്പം ഉണ്ടാകും. അതുകൊണ്ടാണ് ഞാൻ പറഞ്ഞതു ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്ന കാര്യം ആലോചിക്കാമെന്ന്.

വിദ്യാഭ്യാസത്തിനു നീക്കിവെക്കുന്ന തുക

*265 [930] ശ്രീ. പി. കുഞ്ഞൻ:
,, വി. പി. ദക്ഷിണാമൂർത്തി:
,, വി. എസ്. അച്ചുതാനന്ദൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, എൻ. വാസുദേവൻപിള്ള:
,, എം. സദാശിവൻ:
,, ടി. കെ. കൃഷ്ണൻ:
,, സി. ബി. ചന്ദ്രശേഖര വാര്യർ:
,, എ. എസ്. എൻ. നമ്പീശൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസത്തിനു കൂടുതൽ തുക നീക്കിവയ്ക്കണമെന്ന വിദ്യാഭ്യാസ യൂത്ത് സർവീസിനായുള്ള പാർലമെൻറ് കൺസൾട്ടേറ്റീവു കമ്മിറ്റി അഭിപ്രായപ്പെട്ടിരിക്കുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ

(ബി) ഉണ്ടെങ്കിൽ അതേക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസ മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണ പിള്ള : മുമ്പിലത്തെ ചോദ്യത്തിനു മറുപടി പറഞ്ഞിട്ടുള്ളതും ഇതുമായി ബന്ധപ്പെടുത്തി ചോദിക്കുകയാണ്; ഗുരുതരമായ വീഴ്ച്ചയുണ്ടായിട്ടുണ്ടെന്നുള്ളതു കൊണ്ട് എന്തെങ്കിലും ഒരു പ്രത്യേക പദ്ധതി ഗവൺമെൻറു ആവിഷ്കരിച്ചിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ : പ്രത്യേക പരിപാടിയും പദ്ധതിയുമൊന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല.

കള്ളുഷാപ്പു ലേലം

* 266 [931] ശ്രീ. കെ. എം. ജോർജ്ജ്:
,, ടി. എ. മജീദ്:
,, എം. കെ. ദിവാകരൻ:
,, പി. എസ്. ശ്രീനിവാസൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967-68, 1968-69, 1969-70 എന്നീ വർഷങ്ങളിൽ സ്റ്റേറ്റിലെ കള്ളുഷാപ്പുകൾ മൊത്തത്തിൽ എത്ര ഉറുപ്പികയ്ക്കു വീതമാണ് ലേലത്തിൽ പോയത് ;

(ബി) ഓരോ വർഷത്തേയും പിരിഞ്ഞുകിട്ടിയ തുക എത്ര വീതം ;

(സി) 1969-70-ൽ ഓരോ റേഞ്ചിലേയും ലേലം നിശ്ചയിച്ചിരുന്ന തീയതിയും, ലേലത്തുക നിശ്ചയിച്ചുകൊടുത്ത തീയതിയും, ലേലത്തിൽ പങ്കെടുത്ത ആളുകളുടെ എണ്ണവും ഉൾക്കൊള്ളുന്ന പട്ടിക മേശപ്പുറത്തു വയ്ക്കുമോ;

(ഡി) 1969 ആഗസ്റ്റ്-സെപ്റ്റംബർ കാലഘട്ടത്തിൽ തൃശ്ശൂർ ഡിസ്ട്രിക്ടിലെ കള്ളുഷാപ്പുകൾ ലേലം ചെയ്യുകയുണ്ടായോ ;

(ഇ) എങ്കിൽ എത്ര ഷാപ്പുകൾ ഇപ്രകാരം ലേലം ചെയ്തു ;

(എഫ്) ഏതാനും ദിവസം ഈ ഷാപ്പുകൾ ലേലം നടക്കാതെ അനാഥമായിക്കിടന്നോ;

(ജി) ഇപ്രകാരം ലേലം ചെയ്യാനുണ്ടായ കാരണങ്ങൾ എന്താണ് ;

(എച്ച്) സ്റ്റേറ്റിൽ മറ്റു വല്ല പ്രദേശത്തും ഇതുപോലെയുള്ള സാഹചര്യം തന്നാണ്ടിൽ ഉണ്ടായോ ;

(ഐ) തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഇതുമൂലം എന്തു തുക നഷ്ടം സംഭവിച്ചു?

റവന്യൂമന്ത്രി (ശ്രീമതി. കെ. ആർ. ഗൗരി): (എ) കള്ളുഷാപ്പുകളുടെ ലേലത്തുക.—

1967—68-ൽ 5,29,76,200 രൂപയും,

1968—69-ൽ 6,63,81,400 രൂപയും,

1969—70-ൽ 4,08,22,575 രൂപയും ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1967—68-ൽ 4,95,01,950 രൂപയും 1968—69-ൽ 5,05,21,692 രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്. 1969—70-ലെ പിരിവ് ആണ്ട് അവസാനത്തിലേ അറിയുവാൻ കഴിയൂ.

(സി) ലേല നോട്ടിഫിക്കേഷൻ പരസ്യം ചെയ്തിരുന്ന തീയതികളിൽ തന്നെ എല്ലാ ഷാപ്പുകളുടേയും ലേലം ഉറപ്പിക്കുവാൻ സാധിച്ചിട്ടില്ല. ചില പരിതഃസ്ഥിതികളിൽ ചില ഷാപ്പുകളുടെ ലേലം മാറ്റി വയ്ക്കുകയും ചില ഷാപ്പുകൾ പ്രത്യേകം പ്രത്യേകം പല ദിവസങ്ങളിലായി നെഗോഷ്യേറ്റു ചെയ്തു കൊടുക്കുകയും ചെയ്തിട്ടുണ്ട്. റേഞ്ച് ആടിസ്ഥാനത്തിലല്ല, പ്രത്യുത താലൂക്കടിസ്ഥാനത്തിലാണ് ലേലം നടത്തിയിട്ടുള്ളത്. രണ്ടും മൂന്നും താലൂക്കുകളിലെ ഷാപ്പുകൾ ഒരു സ്ഥലത്തു വച്ച് ലേലം ചെയ്തിട്ടുണ്ട്. അതിനാൽ ഓരോ റേഞ്ചിലേയും ലേലത്തിന് എത്രപേർ പങ്കെടുത്തിരുന്നുവെന്ന് പറയുവാൻ നിർവാഹമില്ല. ലേല നോട്ടിഫിക്കേഷൻ പ്രകാരം ലേലം നിശ്ചയിച്ചിരുന്ന തീയതികൾ കാണിക്കുന്ന ഒരു സ്റ്റേറ്റ്മെന്റു മേശപ്പുറത്തുവെച്ചിട്ടുണ്ട്.

(ഡി, ഇ, എഫ്, ജി) ആദ്യലേലക്കാർ ഏപ്രിൽ തവണ മുടക്കിയതിനാലും, 1-8-1969 മുതൽ അവർ ഷാപ്പുകൾ പൂട്ടിയിട്ടതിനാലും തൃശ്ശൂർ ഡിസ്ട്രിക്ടിലെ 86 കള്ളുഷാപ്പുകൾ 14-8-1969-ൽ പുനർ ലേലത്തിന് വച്ചിരുന്നു. എന്നാൽ തലപ്പിള്ളി താലൂക്കിലെ ഒരു ഷാപ്പു മാത്രമേ ലേലത്തിൽ പോയുള്ളൂ. പുനർലേലം 30-8-1969 ലേക്ക് മാറ്റിവെച്ചുവെങ്കിലും അന്ന് ഒരു ഷാപ്പും ലേലത്തിൽ പോയില്ല. അതിനുശേഷം 54 ഷാപ്പുകൾ നെഗോഷ്യേറ്റ് ചെയ്തു കൊടുത്തിട്ടുണ്ട്. ഈ പരിതഃസ്ഥിതിയിലും മാനേജുമെൻറിനെ ഏൽപ്പിച്ചതിൽ തൊഴിലാളിയൂണിയനുകൾ എതിർത്തതിനാലും ചില ഷാപ്പുകൾ ഏതാനും ദിവസം അടച്ചിടുകയുണ്ടായി.

(എച്ച്) തൃശ്ശൂർ ഡിസ്ട്രിക്ടിൽ തന്നെയുള്ള കുന്നംകുളം റേഞ്ചിലെ ഏതാനും ഷാപ്പുകൾ 1-10-1969 മുതൽ പൂട്ടിയിട്ടുള്ളതിനാൽ പുനർലേലം ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്.

(ഐ) പുനർലേലം കൊണ്ടുണ്ടാകാവുന്ന നഷ്ടം ആദ്യലേലക്കാരനിൽനിന്നും ഈടാക്കാൻ വ്യവസ്ഥയുള്ളതുകൊണ്ട് നഷ്ടത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജ്: ഈ ചോദ്യത്തിന്റെ 'സി' ക്കുത്തരമായി റെയിഞ്ചടിസ്ഥാനത്തിൽ ലേലം നടക്കാത്തതുകൊണ്ടാണ് നെഗോഷ്യേറ്റു ചെയ്തുകൊടുത്തതെന്ന് പറയുകയുണ്ടായി. സാധാരണ കൊല്ലങ്ങളിൽ കൊടുക്കുന്നതിനേക്കാൾ ഗവൺമെൻറിന് ഗുരുതരമായ നഷ്ടം ഉണ്ടാകത്തക്കവിധത്തിൽ വലിയ തുകകൾ കുറച്ചാണ് കൊടുത്തിട്ടുള്ളത് എന്നുള്ളതല്ലേ വസ്തുത. അങ്ങനെ കുറച്ചുകൊടുക്കാനുള്ള കാരണമെന്താണ്?

ശ്രീമതി കെ. ആർ. ഗൗരി: എല്ലാക്കൊല്ലങ്ങളിലും നടക്കുന്നതുപോലെ ഷാപ്പുലേലം നടക്കാത്തതുകൊണ്ടാണ് രണ്ടാമതും ലേലം ഏർപ്പെടുത്തിയത്. എന്നാൽ രണ്ടാമത്തെ പ്രാവശ്യവും ലേലം നടക്കാതെ വന്നപ്പോഴാണ് നേഗോഷ്യേറ്റു ചെയ്തുകൊടുക്കേണ്ടി വന്നത്. ഒരു സ്ഥലത്തും കള്ളുഷാപ്പു കൺട്രാക്ടറന്മാർ വിളിച്ച ലേല തുകയെക്കാൾ കുറച്ചുകൊടുത്തിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജ്: തൃശ്ശൂർ ഡിസ്ട്രിക്ടിൽ കള്ളുഷാപ്പു ലേലം നടക്കാത്തതുകൊണ്ട് യാതൊരു വിധത്തിലുള്ള ഉത്തരവാദിത്വവുമില്ലാതെ ഏതാനും ദിവസം ചെത്തുകാർ ചെത്തുകയും വിൽക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുവെന്നറിയുന്നത് ശരിയാണോ ? എങ്കിൽ അങ്ങിനെ എത്ര ദിവസം നടക്കുകയുണ്ടായിയെന്നു പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ചെത്തുകാർ ചെത്തുകയും വിൽക്കുകയും ചെയ്തുവെന്നുള്ളതല്ല പ്രശ്നം. 1-8-1969 മുതൽ ഷാപ്പ് നടത്തിക്കൊണ്ടിരുന്ന കൺട്രാക്ടറൻമാർ ഷാപ്പ് ഒഴിയുകയുണ്ടായി. ആ ദിവസം കൺട്രാക്ടറൻമാർ ഷാപ്പ് മാനേജുമെൻറിനെ ഏൽപ്പിക്കുന്നതിനുള്ള നടപടികളെടുത്തു. ഈ പരിതഃസ്ഥിതിയിൽ കള്ളു ഷാപ്പു നടത്താൻ സാധിക്കാത്ത ഒരു സാഹചര്യം ഉണ്ടായി. അതുകഴിഞ്ഞതിനുശേഷം ഗവൺമെൻറിൽനിന്നും ലേലത്തിനു വച്ചു. ആ ലേലത്തിൽ ആരും ഷാപ്പ് ഏറ്റെടുക്കാൻ ഇല്ലാത്തതുകൊണ്ട് വീണ്ടും മാനേജുമെൻറു യൂണിയനിലെ കൺട്രാക്ടറന്മാർക്കുതന്നെ ഏൽപിച്ചുകൊടുക്കുകയുണ്ടായി. എന്നാൽ അവരെ ഷാപ്പു നടത്തുന്നതിന് തൊഴിലാളി യൂണിയനുകം സമ്മതിക്കാത്ത ഒരു സാഹചര്യം വന്നു. ആദ്യ ലേലം നടക്കാത്തതുകൊണ്ടു രണ്ടാമത്തെ ലേലം 30-ാം തീയതിയിലേക്ക് മാറ്റിവച്ചു. 30-ാം തീയതി നടന്ന ലേലത്തിലും 25 ശതമാനത്തിനാണ് വിളികേട്ടത്. അതിന് കൊടുക്കാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ട് നെഗോഷ്യേറു ചെയ്തു 45 ശതമാനത്തിന് കൊടുക്കുകയാണ് ചെയ്തത്.

ശ്രീ. ടി. എ. മജീദ്: ഏതെല്ലാം താലൂക്കുകളിലാണ് കള്ളുഷാപ്പുകം നെഗോഷ്യേറു ചെയ്തുകൊടുത്തതെന്നു പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: താലൂക്കുകം മൊത്തത്തിലായിരിക്കുകയില്ല. ഇന്നു നാലു ഷാപ്പുകം ലേലത്തിൽ പോയിട്ടില്ല. അത് നെഗോഷ്യേറ് ചെയ്തുകൊടുത്ത് ആരെയും ഏൽപ്പിക്കാൻ കഴിഞ്ഞിട്ടില്ല. പല സ്ഥലങ്ങളിലും ഷാപ്പുകം ലേലത്തിനു വിളിച്ചപ്പോഠം തുക കുറവാണെന്നു കണ്ടതുകൊണ്ട് രണ്ടുമൂന്നു പ്രാവശ്യം നോട്ടിഫിക്കേഷൻ ഇഷ്യു ചെയ്യുകയുണ്ടായി. അവിടത്തെ കൺട്രാക്ടറന്മാർ സംഘടിതമായി നിന്നുകൊണ്ട് ലേലത്തുക കുറയ്ക്കുക എന്നുള്ള സമീപനം വന്നതുകൊണ്ടാണ് നെഗോഷ്യേറു ചെയ്തുകൊടുത്തത്. നെഗോഷ്യേറു ചെയ്തുകൊടുത്തിട്ടുള്ളത് തൃശ്ശൂർ ഡിസ്ട്രിക്ടിൽ ആണ്. അല്ലാതെ ചില സ്ഥലങ്ങളിലും ഇങ്ങനെ നടന്നുവെന്നാണ് തോന്നുന്നത്. ലേല ഹാളിൽ മെമ്പറന്മാർ പോകുകയും ലേലം വിളിക്കുകയും ചെയ്തതിനു ശേഷമാണ്. ഗവൺമെൻറിന് അമിതമായ നഷ്ടം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി നെഗോഷ്യേറു ചെയ്തുകൊടുത്തത്. ലേലഹാളിൽ ലേലം വിളിച്ച തുകയിൽനിന്നും ഒരൊറ്റ സ്ഥലത്തും കുറച്ചു കൊടുത്തിട്ടില്ല.

ശ്രീ. കെ. സി. സഖറിയ: പല കള്ളുഷാപ്പുകാരും മനുഷ്യന്റെ ആരോഗ്യത്തെ നശിപ്പിക്കുന്ന കൃത്രിമ മദ്യം വിൽപന നടത്തുന്നുവെന്നുള്ളതിനെ പരിഗണിച്ച് ഈ തലസ്ഥാന നഗരിയിൽ യാതൊരു കലർപ്പുമില്ലാത്ത പരമപരിശുദ്ധമായ മദ്യം വിൽക്കുന്നതിനുള്ള മദ്യഷാപ്പുകം സ്ഥാപിക്കാമെന്നു ബഹുമാനപ്പെട്ട റവന്യൂമന്ത്രി മുമ്പു ഒരു ദിവസം ഈ നിയമസഭയിൽവച്ചു പറയുകയുണ്ടായി. ഇതിൽ താൽപര്യമുള്ള എം. എൽ. എ. മാരും മന്ത്രിമാരും അതിനെ പ്രോൽസാഹിപ്പിക്കണമെന്നും പറയുകയുണ്ടായി. ആ മാതൃകാ മദ്യശാല നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ച് ഇതിനകം എന്തെല്ലാം നടപടികം സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: കഴിഞ്ഞ പ്രാവശ്യം ഇക്കാര്യം ഞാൻ ഈ നിയമസഭയിൽവച്ച് ഉറപ്പു പറഞ്ഞതാണ്, ഒരു കള്ളുഷാപ്പിൽ കലർ

LIBRARY ARCHIVES Kerala Legislative Assembly

പ്പില്ലാത്ത നല്ല കള്ളു വിൽക്കുന്നതിനും അങ്ങനെ മാതൃകാപരമായി നടത്ത ണമെന്നുമാണ് വിചാരിച്ചിരുന്നത്. ഷാപ്പു ഏരിയായായിട്ടു തിരിച്ചപ്പോഴം കൺട്രാക്ടറന്മാരുടെ ഏരിയാമാത്രമേയുള്ളു, ഗവൺമെൻറിനില്ല. അതു കൊണ്ട് ഷാപ്പു കൺട്രാക്ടറന്മാരെതന്നെ പ്രേരിപ്പിച്ചു ആ വിധത്തിൽ നടത്തുന്നതിന് തീരുമാനിച്ചുവെങ്കിലും ഇന്നത്തെ പരിതഃസ്ഥിതിയിൽ കൺട്രാക്ടറന്മാർ അതിന് തയാറാകുന്നില്ല. ഏതായാലും ഈ സമ്പ്രദായം തിരുവനന്തപുരത്തും എറണാകുളത്തും നടപ്പിലാക്കാമെന്നാണ് ഗവൺമെൻറു വിചാരിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: നമ്മുടെ സ്റ്റേറ്റിൻെറ വരുമാനത്തിൽ സാരമായി മുതൽകൂട്ടുണ്ടാക്കുന്ന ഈ ഇനത്തിൽ 1967-68-ൽ അഞ്ചുകോടി ഇരുപത്തിയൊൻപത് ലക്ഷത്തിൽ ചിലവാനം രൂപയും, 1968-69-ൽ ആറുകോടി അറുപത്തിമൂന്ന് ലക്ഷത്തിൽ ചിലവാനം രൂപയും വരവുണ്ടായിരിക്കുന്നു. എന്നാൽ 1969-70-ൽ നാലുകോടി എട്ടുലക്ഷത്തിൽ ചിലവാനം രൂപയായി കുറയാനുള്ള കാരണമെന്താണ്?

ശ്രീമതി കെ. ആർ. ഗൗരി: കള്ള് ശരിക്ക് വിൽക്കണമെങ്കിൽ കള്ളിൻെറ വില കുറഞ്ഞിരിക്കണം. കാരണം കള്ള് കുടിക്കുന്നത് സാധാരണക്കാരായ ആളുകളാണ്. 1968-69-ൽ തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് 1969-1970-ൽ കുറയാൻ ഇടയായത്.

ശ്രീ. കെ. കരുണാകരൻ: തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവുണ്ടായതുകൊണ്ടല്ലേ, കള്ളുഷാപ്പു കൺട്രാക്ടറന്മാർക്ക് ഷാപ്പു നടത്താൻ സാധിക്കാത്ത ഒരു സാഹചര്യമാണ് ഇപ്പോഴം നിലവിലുള്ളതെന്ന് കാണിച്ച് അവർ ഗവൺമെൻറിലേക്ക് നിവേദനം നടത്തിയിട്ടില്ലേ? ആ നിവേദനത്തിൻെറ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികളം ഗവൺമെൻറിൽനിന്നും എടുത്തിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: ഷാപ്പു നടത്തുന്നതിനു മാത്രമല്ല തൊഴിലാളികളം കൂടുതൽ ഡിമാൻറുകളം വയ്ക്കുന്നുവെന്നുള്ളതിനെപ്പറ്റിയും നിവേദനം തരികയുണ്ടായി. തൊഴിലാളികളം കൂലിയ്ക്കുവേണ്ടിയുള്ള ഡിമാൻറുകളം വയ്ക്കുകയാണെങ്കിൽ അത് കുറച്ചുകൊടുക്കണമെന്ന് പറയാൻ ഗവൺമെൻറിന് സാദ്ധ്യമല്ല, ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ജോലിചെയ്യുന്നവർക്ക് കൂലി കിട്ടണമെന്നുള്ളതാണ്. ആ നിലയിലാണ് കഴിഞ്ഞ നിയമസഭയിൽ ഞാൻ പറഞ്ഞത് കൺട്രാക്ടറന്മാരും തൊഴിലാളികളും ഗവൺമെൻറുമെന്നുള്ളതല്ലാതെ, ഷാപ്പിൻെറ കാര്യത്തിൽ ഇടനിലക്കാരൻ എന്നുള്ള പ്രശ്നം ഉദിക്കുകയാണെങ്കിൽ ഷാപ്പിൻെറ ലേലത്തുക കുറഞ്ഞുപോകുമെന്ന്. ഈ സന്ദർഭത്തിൽ ഷാപ്പു നടത്താത്തതായിരിക്കും നല്ലതെന്ന് കൺട്രാക്ടറന്മാർ ചില സ്ഥലങ്ങളിലെ തൊഴിലാളിയൂണിയനുകളെ പ്രേരിപ്പിച്ചുനോക്കി. തൊഴിലാളിയൂണിയനുകളം ഷാപ്പുകളം നടത്തുകയില്ലെന്നു നിർബന്ധം പിടിക്കുകയും ഗവൺമെൻറു നേരിട്ടു ഷാപ്പുകളം നടത്തണമെന്നുള്ള നിലപാട് എടുക്കുകയും ചെയ്തു. അതുകൊണ്ടാണ് ഈ വിധത്തിൽ കാര്യങ്ങളുണ്ടായത്. ചില സ്ഥലങ്ങളിൽ ഷാപ്പു കൺട്രാക്ടറന്മാർ ഷാപ്പു ഒഴിഞ്ഞു പോകുന്നതിനുവേണ്ടി തൊഴിലാളി യൂണിയനുകളും സംഘടനകളും അവരുടെ അവകാശങ്ങളം ഉന്നയിച്ചുകൊണ്ട് ഷാപ്പു നടത്താൻ സാദ്ധ്യമല്ലെന്ന് കാണിച്ച് മെമ്മോറാണ്ടം തന്നിട്ടുണ്ട്. അത് തൃശ്ശൂർ ഡിസ്ട്രിക്ടിൽനിന്നുമാണ് കിട്ടിയിട്ടുള്ളത്. അവിടെയുള്ള കൺട്രാക്ടറന്മാർ ചാരായം വാറ്റുകയും വിൽക്കുകയും ചെയ്യുന്നുവെന്നുള്ളതാണ് പ്രധാനമായി കണ്ടുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: 1968–69-ൽ ശമ്പളക്കൂടുതൽ പല വിധത്തിലും 20 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ട്. എന്നാലും ലേലത്തുക വർദ്ധിച്ചിട്ടുണ്ട്. 1969-70 വന്നപ്പോഴും ലേലത്തുക കുറയാൻ കാരണം ഷാപ്പു നടത്താനുള്ള സമാധാനപരമായ അന്തരീക്ഷം ഇല്ലാത്തതാണ്. അതുണ്ടാക്കിക്കിട്ടണമെന്ന കരാർ വ്യവസായികളും ഉന്നയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീമതി കെ. ആർ. ഗൗരി: ഷാപ്പുലേലം നടത്തുന്നത് ജനുവരി ഫെബ്രുവരി മാസത്തിലാണ്. 1968–69-ൽ ലേലം കഴിഞ്ഞതിനുശേഷമാണ് തൊഴിലാളി യൂണിയനുകളും ബാക്കിയുള്ളവരും ഡിമാൻറുകളും പുറപ്പെടുവിക്കുന്നത്. കൂലിക്കൂടുതൽ വേണം, ശ്രാറുവിറി വേണം, പ്രോവിഡൻറ് ഫണ്ട് വേണം എന്നൊക്കെ പറഞ്ഞ് ഡിമാൻറുകളും പുറപ്പെടുവിക്കുന്നത്. അതിനുശേഷമാണ് നമ്മുടെ നിയമസഭ ശ്രാറുവിറിയും പ്രോവിഡൻറ് ഫണ്ടും നിയമം പാസ്സാക്കിയത്. 1968–69-ൽ ഷാപ്പുലേലം കഴിഞ്ഞതിനുശേഷമാണ് ഇതെല്ലാം ഉണ്ടായത്. 1969–70-ൽ ഷാപ്പു കാൺട്രാക്ടർമാർ ഇതേപ്പറ്റി പരാതി പറയുകയും കൂലിനിരക്ക്, ബോണസ്സ് മുതലായവ തീരുമാനിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തത്. ഗവൺമെൻറുതലത്തിൽ ഇതിന് എട്ടുപത്ത് പ്രാവശ്യം കാൺഫറൻസ് വിളിച്ചു കൂട്ടുകയും എഗ്രിമെൻറ് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. തർക്കം ഉണ്ടാകുന്നത് ഈയൊരു കാരണം കൊണ്ടാണെന്നാണ് വിചാരിക്കുന്നത്. തൃശ്ശൂരിൽ ഈവിധത്തിലാണുണ്ടായത്.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ഈ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളും കൂലിക്കൂടുതൽ, ബോണസ്സ്, ശ്രാറുവിറി, പ്രോവിഡൻറ് ഫണ്ട് തുടങ്ങിയ ആവശ്യങ്ങളെല്ലാം ഉന്നയിക്കുകയും അതെല്ലാം കൊടുക്കാൻ നിർബന്ധിതമായതുകൊണ്ടാണ് ഈ ലേല സംഖ്യ കുറയാൻ ഇടയായതെന്നും മന്ത്രി വ്യക്തമാക്കുകയുണ്ടായി. സാധാരണക്കാരാണ് അധികവും കള്ളുകുടിക്കുന്നതെന്നതിനെ പരിഗണിച്ചു് വിലക്കൂടുതൽ വച്ചാൽ അത് അവർക്ക് കുടിക്കാൻ പ്രയാസമുണ്ടാവുകയും അതുമൂലം വ്യവസായത്തിന് സ്തംഭനം നേരിടുകയും ചെയ്യും. അതുകൊണ്ട് കള്ള് കേടുവരാതെ സൂക്ഷിക്കുന്നതിനും, ഇത് വിദേശങ്ങളിലേക്ക് കയറ്റി അയക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാണോ ?

ശ്രീമതി കെ. ആർ. ഗൗരി: ഇന്നത്തെ നിലയിൽ ഇതുകൊണ്ടുമാത്രമായില്ല. വ്യാജവാറ്റും വ്യാജവിൽപനയും നടക്കുന്നുണ്ട്. ഇതെല്ലാം പരിഗണിച്ച് ഗവൺമെൻറു ഡിപ്പാർട്ടുമെൻറു പുനഃസംഘടിപ്പിക്കാൻ ആവശ്യമായ നടപടികളും എടുത്ത് ഉത്തരവു പാസ്സാക്കിയിട്ടുണ്ട് പുതുതായിട്ട് കള്ളു സംഭരിച്ചു പുറം രാജ്യങ്ങളിലേക്ക് അയയ്ക്കുന്ന പ്രശ്നത്തെക്കുറിച്ച് തീരുമാനമെടുത്തിട്ടില്ല. വ്യാജവാറ്റും വിൽപനയും തടയുന്നതിനുള്ള സംരഭം നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ചെയ്താൽ ഗവൺമെൻറിനു് ഇന്നു് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിൽ കുറെ തുകയെങ്കിലും ഈടാക്കാൻ കഴിയും. വ്യാജവാറ്റും വിൽപനയും തടയുക എന്ന ഉദ്ദേശമാണുള്ളതു്.

ശ്രീ. കെ. കരുണാകരൻ: തൃശ്ശൂർ ഡിസ്ട്രിക്ടിൽ 1–8–1969-ലെ ലേലം നിറുത്തൽചെയ്തതായി പറഞ്ഞു. 1–8–1969-നു മുൻപ് കരാറുകാർ ഒരു നോട്ടീസു തന്നിരുന്നോ; എങ്കിലും ഒരുമാസം കഴിഞ്ഞതിനുശേഷമേ മറ്റാളുകളെ വിളിക്കുന്നതിന് എന്തെങ്കിലും നടപടികളും സ്വീകരിച്ചുള്ളോ; ഉണ്ടെങ്കിൽ എന്തായിരുന്നു ആ നടപടികൾ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: 1-8-1969-ൽ കള്ളുഷാപ്പു കോൺട്രാക്ടർ മാർ ഷാപ്പു വിട്ടിട്ടു പോകുമെന്നു പറയുകയാണെങ്കിൽ ആ ദിവസം മുതൽക്കേ ഷാപ്പുകൾ വേറൊരാൾക്ക് കൊടുക്കാൻ പറ്റുകയുള്ളു. ജൂലൈ 16-ാം തീയതിയാണ് ഇത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നത്. ജൂലൈ 16-ാം തീയതി ഇത് ശ്രദ്ധയിൽപ്പെട്ടു കഴിഞ്ഞതിനുശേഷം കോൺട്രാക്ടർ മാരെ പ്രേരിപ്പിച്ച് ഷാപ്പ് തുടർന്നു നടത്തുന്നതിനുള്ള സംരംഭം ഉണ്ടാക്കാൻ ഗവൺമെൻറ് ശ്രമിച്ചു. ശ്രീ. കരുണാകരൻ ഉൾപ്പെടുന്ന യൂണിയൻ കോൺട്രാക്ടർമാരെക്കൊണ്ടുതന്നെ ഷാപ്പു നടത്തുന്നതിന് ഗവൺമെൻറ് സമ്മർദ്ദം ചെലുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇതിനുവേണ്ടി ഗവൺമെൻറ് തൊഴിലാളി യൂണിയനുകളെ വിളിച്ച് അഭിപ്രായമാരാഞ്ഞു. കോൺട്രാക്ടർമാരെവിളിച്ച് പ്രേരിപ്പിച്ചു നോക്കി. ഇതെല്ലാം ചെയ്തു കഴിഞ്ഞിട്ടും ഷാപ്പുകൾ തുറക്കുകയില്ലെന്ന നിർബന്ധം വന്നതുകൊണ്ടാണ് ഒടുവിൽ ഷാപ്പുകൾ മാനേജുമെൻറിനെ ഏൽപ്പിക്കാനും പുനർ ലേലം ചെയ്യാനും ഇടയായത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സി-യുടെ ഉത്തരത്തിൽ എത്ര ആളുകൾ ലേലത്തിൽ പങ്കെടുത്തു എന്നുള്ളതിന്റെ ലിസ്റ്റ് ഇല്ലെന്നു പറഞ്ഞു. എത്രപേർ ലേലത്തിൽ പങ്കെടുത്തു എന്നറിയാതെ നെഗോഷ്യേറ്റു ചെയ്തു കൊടുക്കാമോ; ഈ വിവരം കിട്ടാതെ എങ്ങനെ അപ്രൂവു ചെയ്തു?

ശ്രീമതി കെ. ആർ. ഗൗരി: റേഞ്ചടിസ്ഥാനത്തിലല്ല താലൂക്കടിസ്ഥാനത്തിലാണ് ലേലം വച്ചിരുന്നത്. ചില സ്ഥലങ്ങളിൽ രണ്ടും മൂന്നും താലൂക്കുകൾ ഒന്നിച്ചു വച്ചിട്ടുണ്ട്. അതുകൊണ്ട് ഓരോ റേഞ്ചിലും എത്ര പേർ പങ്കെടുത്തു എന്നു പറയാൻ നിവൃത്തിയില്ലെന്നാണ് പറഞ്ഞത്. ഇക്കൊല്ലത്തെ ഷാപ്പു ലേലത്തിൽ ചില പ്രത്യേക സംഭവവികാസങ്ങളും ഉണ്ടായി. ചില സ്ഥലങ്ങളിൽ ഒറ്റ ഷാപ്പ് ലേലത്തിനു വിളിച്ചാൽ പങ്കെടുക്കാതിരിക്കുക, അതുകഴിഞ്ഞതിനുശേഷം കൂട്ടിച്ചേർത്തു വിളിച്ചാൽ പങ്കെടുക്കാതിരിക്കുക, മുഴുവൻ ഷാപ്പും ഒന്നിച്ചു വിളിച്ചാലും പങ്കെടുക്കാതിരിക്കുക ഇങ്ങനെയുള്ള സംഭവങ്ങളെല്ലാം ഉണ്ടായിട്ടുണ്ട്. ഇത്ര രൂപ കെട്ടിവച്ച് ലേല ഹാളിൽ കയറുന്ന ആളുകളെല്ലാവരും ഷാപ്പു ലേലത്തിൽ പങ്കെടുക്കാൻ വന്നവരാണെന്നാണ് വിചാരിക്കേണ്ടത്. അതുകൊണ്ട് ഓരോ റേഞ്ചിലും എത്രപേർ പങ്കെടുത്തു എന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: 1967—68-ലെ ലേലത്തുക 5 കോടി 29 ലക്ഷം ഉറുപ്പികയും 1968-69-ൽ 6 കോടി 63 ലക്ഷം രൂപയും എന്ന നിലയിൽ 1967-68-നേക്കാൾ കൂടുതലാണ് 1968-69-ലെ ലേലത്തുക വന്നിട്ടുള്ളത് യഥാർത്ഥത്തിൽ 1967-68-ലെ തുക എത്രയാണും മാസങ്ങൾക്കുമാത്രമുള്ള തുകയും, 1968-69-ലേക്കുള്ളത് ഒരു വർഷത്തേക്ക് അടക്കമുള്ള തുകയും ആണെന്നുള്ളതു പരിഗണിച്ചുകൊണ്ട് മുഴുവൻ വർഷത്തേക്കും കണക്കാക്കുന്ന പക്ഷം 1968-69 വർഷത്തേക്കുള്ളതല്ലേ കുറവ് ?

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ കുറവാണെന്നു പറയാൻ ഒക്കുകയില്ല. പ്രൊഹിബിഷൻ ലിഫ്റ്റു ചെയ്യുന്നത് ജൂലൈ, ആഗസ്റ്റു മാസത്തിലാണ്. പ്രൊഹിബിഷൻ ലിഫ്റ്റു ചെയ്തതിനുശേഷമേ ഷാപ്പു ലേലം നടന്നുകാണുകയുള്ളു. അതുകൊണ്ട് എല്ലാംകൂടി കണക്കാക്കുമ്പോൾ 1968-69-ൽ എന്തുകിട്ടി എന്നുള്ളത് കണക്കു കൂട്ടിനോക്കാതെ കൂടുതലാണോ കുറവാണോ എന്നു പറയാൻ ഒക്കുകയില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: 1967–68-ലോ, 1968-69-ലോ ഏതെങ്കിലും റേഞ്ചിൽ ഷാപ്പു കോൺട്രാക്ടർമാർക്ക് കിസ്തു തുക ഇളവു ചെയ്തു കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ്?

ശ്രീമതി കെ. ആർ. ഗൗരി: ഏതെങ്കിലും എന്നു പറഞ്ഞാൽ അങ്ങനെ ഒരു ആർഡർ ഗവൺമെന്റ് പുറപ്പെടുവിച്ചിരുന്നില്ല. വെള്ളപ്പൊക്കമുണ്ടായകാലത്താണെന്നുണ്ടെങ്കിൽ വെള്ളപ്പൊക്കമാണെന്നുവച്ചുകൊണ്ട് രണ്ടു കൊല്ലം കിസ്തു തുക പിരിക്കേണ്ട എന്ന് ആർഡർ കൊടുത്തിട്ടുണ്ട്. അത് ക്യാബിനറ്റിന്റെ ഓർഡർ ആണ്. അതുകൊടുത്തപ്പോൾ ഒരു കണ്ടീഷൻ വച്ചിരുന്നു. മുഴുവൻ തുകയും ആ കൊല്ലത്തിൽതന്നെ അടയ്ക്കുന്ന ആളുകൾക്കുമാത്രമേ ഇതിന്റെ ബനിഫിറ്റ് കിട്ടുകയുള്ളു. 1968–69-ൽ കോൺട്രാക്ടർമാർ വളരെ കുറവായതിനാൽ കുറച്ചു തുകമാത്രമേ ഈ വിധത്തിൽ റമിഷൻ എന്നുള്ള നിലയിൽ പോയിട്ടുള്ളു.

ശ്രീ. ഓ. കോരൻ: ഓരോ കൊല്ലവും കള്ളുഷാപ്പുകൾ ലേലം ചെയ്യുന്ന അവസരങ്ങളിൽ പുതിയ പുതിയ എഗ്രിമെൻറുകളും ഉണ്ടാക്കാറുണ്ട്. ഇതിൽ തൊഴിലാളികളുടെ ഭാഗത്തുനിന്നാണോ, മുതലാളിമാരുടെ ഭാഗത്തുനിന്നാണോ കരാറു ലംഘനം വന്നിട്ടുള്ളത്?

ശ്രീമതി കെ. ആർ. ഗൗരി: ചില സ്ഥലങ്ങളിൽ നിന്നെല്ലാം തൊഴിലാളി യൂണിയനുകൾ കൂടുതൽ ആവശ്യപ്പെട്ടിട്ടുണ്ട്. ചില സ്ഥലങ്ങളിൽ യൂണിയനുകൾ അന്ന് അംഗീകരിക്കാതിരുന്നത് പുതിയതായിട്ട് യൂണിയനുകൾ വരുമ്പോൾ ആവശ്യപ്പെടും. പിന്നെ ഷാപ്പു തൊഴിലാളികൾ കള്ളു ചെത്തു തൊഴിലാളികളല്ലാ, ഷാപ്പു തൊഴിലാളികൾ വിൽക്കുന്ന തൊഴിലാളികളുടെ യൂണിയനുകൾ അവർ ചില ഡിമാൻറുകൾ വയ്ക്കും. മൂവാറ്റുപുഴ, കോതമംഗലം പോലെ ചില സ്ഥലങ്ങളിൽ ഇവിടെയൊക്കെ തൊഴിലാളികളുടെ ഭാഗത്തുനിന്ന് എഗ്രിമെൻറ് ലംഘിച്ചിട്ടുണ്ട്. ഏതെങ്കിലും സ്ഥലത്ത് മുതലാളിമാർ എഗ്രിമെൻറ് വയലേറ്റു ചെയ്തിട്ടുണ്ടോ എന്നറിവില്ല. വയലേറ്റു ചെയ്യുന്നവരുടെ കാര്യം കണക്കാക്കേണ്ട എന്നാണ് ഗവൺമെൻറ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. മലബാറിനെ സംബന്ധിച്ചിടത്തോളം എഗ്രിമെൻറുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. ടി. ജോർജ്ജ്: ലേലത്തിൽ ഉറപ്പിക്കുന്ന കോൺട്രാക്ടർമാർ മൊത്തത്തിൽ എന്തു തുകയാണ് കൊടുക്കേണ്ടതെന്നറിയാമോ ; തുക ഈടാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നത്; ഇതിൽ എന്തെങ്കിലും നടപടി ഗവൺമെൻറ് സ്തേ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ്?

ശ്രീമതി കെ. ആർ. ഗൗരി : എല്ലാ ഷാപ്പു കോൺട്രാക്ടർമാരിൽനിന്നും കിസ്തു തുക ഇത്രവർഷത്തിനകം പിരിക്കണമെന്ന് ഗവൺമെൻറ് ജനറൽ ഓർഡർ ഇഷ്യു ചെയ്തിട്ടുണ്ട്. 1968–69-ൽ 1967–68-ൽ ഉള്ളതായ തുകയെ സംബന്ധിച്ച് വ്യക്തമായ ഓർഡർ ഇഷ്യു ചെയ്തിട്ടുണ്ട്. ഇതിൽ കൂടുതൽ ശിക ഇടുന്ന ആളുകളുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ എടുത്തിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ എടുക്കുമ്പോൾ പരാതി കിട്ടുകയാണെങ്കിൽ കൂടുതൽ ഇൻസ്റ്റാൾമെൻറായി അടയ്ക്കാൻ പറയും. അല്ലാതെ സ്തേ എന്നുള്ള നിലയിൽ നടപടികൾ എടുക്കുന്നില്ല.

എൽ. എൽ. എം. സായാഹ്നകോഴ്സ്

* 267 [932] ശ്രീ. ജി. ഗോപിനാഥൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി ദയവു മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) എൽ. എൽ. എം. കോഴ്സിനു സായാഹ്ന ക്ലാസ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നുമുതലാണ്;

(ബി) സായാഹ്ന ക്ലാസുകളുടെ സമയം എത്ര മണിമുതൽ എത്ര മണിവരെ;

(സി) ഉദ്യോഗസ്ഥന്മാരുടെയും അഭിഭാഷകരുടെയും മറ്റും സൗകര്യത്തെ പരിഗണിച്ച് ഈ സമയം കുറച്ചുകൂടി സൗകര്യപ്രദമായി മാറ്റുന്നതിനെപ്പറ്റി ആലോചിക്കുമോ ?

വിദ്യാഭ്യാസ മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): (എ, ബി) 1960 മുതൽ എറണാകുളം ലാ കോളേജിൽ എം. എൽ. കോഴ്സ് പാർട്ട് ടൈമായി ആരംഭിച്ചു. ക്ലാസുകളുടെ സമയം 2.30 മുതൽ 4.30 വരെയായി ക്ലിപ്തപ്പെടുത്തി. എം. എൽ. പരീക്ഷ എൽ. എൽ. എം. ആയി മാറിയ പ്പോഴും സമയവ്യത്യാസം കൂടാതെ നടത്തിവരുന്നു. തിരുവനന്തപുരം ലാ കാളേജിൽ ഫുൾടൈമായിട്ടാണ് ടി കോഴ്സ് നടത്തിവരുന്നത്. എന്നാൽ ഈ വർഷം മുതൽ പാർട്ടൈം കോഴ്സായി മാറ്റുന്നതിന് നടപടി കൈ എടുത്തുവരുന്നു. തിരുവനന്തപുരം ലാ കോളേജ് പ്രിൻസിപ്പൽ നിർദ്ദേശിച്ചിട്ടുള്ള സമയവും 2.30 മുതൽ 4.30 വരെയാണ്.

(സി) വിദ്യാർഥികളുടേയും അഭിഭാഷകരുടേയും സൗകര്യത്തെ പരിഗണിച്ചാണ് സമയനിർണ്ണയം ചെയ്തിരിക്കുന്നത്.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: രണ്ടര മണി മുതൽ ഈ പാർട്ട് ടൈം കോഴ്സ് ആരംഭിക്കുന്നതുകൊണ്ട് ആഫീസുകളിലും മറ്റു ജോലികൾക്കും പോകുന്നവർക്ക് ഇതിന് ചേരാൻ സാധിക്കുകയില്ലെന്നുള്ള കാര്യം ഗവൺമെൻറിനറിയാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അത് ശരിയാണ്. അഞ്ചേകാൽ മണിക്ക് വരുന്നവർക്ക് ചേരാൻ സാധിക്കുകയില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സായാഹ്ന കോഴ്സുകൾ നടത്തുന്നതുപോലെ ഈ കോഴ്സും ആറു മണി മുതലോ ഏഴു മണി മുതലോ നടത്തുന്നതിനുവേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതേ സംബന്ധിച്ച് അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും മറ്റും എന്തെല്ലാം അസൗകര്യങ്ങളുണ്ടെന്നുള്ളതു ആലോചിച്ചതിനു ശേഷമേ പറയാൻ പറ്റുകയുള്ളൂ.

ശ്രീ. ജോസഫ് ചാഴിക്കാടൻ: നിയമസഭയിൽ നല്ല സ്റ്റാൻഡേർഡ് ഉണ്ടാകുന്നതിനും, മന്ത്രിമാരും മെമ്പറന്മാരും നല്ല ഭാഷയിൽ സംസാരിക്കുന്നതിനും വേണ്ടി മന്ത്രിമാർക്കും എം. എൽ. എ. മാരക്കും സായാഹ്ന കോഴ്സുകൾ ഏർപ്പെടുത്താൻ ദയവുണ്ടാകുമോ ?

ഡെപ്യൂട്ടി സ്പീക്കർ: അത് സ്പീക്കറോട് പറയണം.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: പാർട്ടൈം കോഴ്സിൽ ഏർപ്പെട്ടിരിക്കുന്ന അദ്ധ്യാപകർക്കും സ്റ്റാഫിനും കൂടുതൽ തുക കൊടുക്കുന്നുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: കൊടുക്കുന്നുണ്ടാകും.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): മലബാറിൽ ഒരു ലാ കോളേജ് തുടങ്ങുന്ന കാര്യത്തെപ്പറ്റി ഗവൺമെൻറ് ആലോചിച്ച് വരുന്നുണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. അത് പാലക്കാട്ട് തുടങ്ങണമെന്നു കാണിച്ചു ഗവൺമെൻറിനു നിവേദനം കിട്ടിയിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: പാലക്കാട് സ്ഥാപിക്കണമെന്നു കാണിച്ച് നിവേദനമുണ്ട്, തലശ്ശേരിയിൽ സ്ഥാപിക്കണമെന്നു കാണിച്ച് നിവേദനമുണ്ട്, കോഴിക്കോട് സ്ഥാപിക്കണമെന്നു കാണിച്ച് നിവേദനമുണ്ട്. സ്ഥാപിക്കണമെന്ന കാര്യം തന്നെ ഇതുവരെ ആലോചിച്ചിട്ടില്ല.

ശ്രീ. പി. കുഞ്ഞൻ: പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാൻറ് നിഷേധിച്ചിരിക്കുകയാണെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അത് ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല.

ഗവൺമെൻറു ലോട്ടറി

* 268 [933] ശ്രീ. പി. പി. വിത്സൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനഗവൺമെൻറ് ലോട്ടറി ആരംഭിച്ചതിനു ശേഷം എത്ര നറുക്കെടുപ്പു നടത്തിയിട്ടുണ്ട്;

(ബി) ഓരോ നറുക്കെടുപ്പിലും സമ്മാനാർഹരായി വന്നിട്ടുള്ള നമ്പരുകാർക്ക് സമ്മാനം കൊടുത്തിട്ടുണ്ടോ;

(സി) ആരുടെയെങ്കിലും സമ്മാനം തടഞ്ഞുവച്ചിട്ടുണ്ടോ;

(ഡി) ഓരോ നറുക്കെടുപ്പിനു ശേഷം സർവ്വ ചെലവുകളും നീക്കി എത്ര രൂപാ വീതം ലാഭം കിട്ടിയിട്ടുണ്ട് എന്നതിൻെറ വിശദമായ കണക്ക് വെളിപ്പെടുത്താമോ ?

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി: (എ) പതിനാല്.

(ബി, സി) ഓരോ നറുക്കെടുപ്പിലും ടിക്കറ്റുകൾ ഹാജരാക്കിയിട്ടുള്ള സമ്മാനാർഹർക്ക് സമ്മാനത്തുക കൊടുത്തിട്ടുണ്ട്. പതിമൂന്നാമതു ലോട്ടറിയിൽ ഒന്നാം ബ്ലോക്കിൽ രണ്ടാം സമ്മാനാർഹമായ ടിക്കറ്റ് ഹാജരാക്കിയത് പരിശോധിച്ചതിൽ കൂടുതൽ സൂക്ഷ്മപരിശോധന ആവശ്യമാണെന്നു കണ്ടതിനാൽ ആ ടിക്കറ്റിനുള്ള സമ്മാനം തൽക്കാലം തടഞ്ഞുവച്ചിരിക്കുകയാണ്.

(ഡി)

1	7.02	ലക്ഷം രൂപാ
2	7.33	,,
3	10.16	,,
4	11.54	,,
5	17.06	,,
6	25.91	,,
7	27.70	,,
8	27.73	,,
9	29.34	,,
10	19.79	,,
11	13.88	,,
12	20.93	,,
13	20.59	,,
14	16.12	,,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ശിവരാമഭാരതി: ഈ അടുത്ത കാലത്തായി ചെലവ് കഴിച്ചുള്ള ലാഭം വളരെ കുറഞ്ഞുവരുന്നതായി കാണുന്നത് മറ്റു സംസ്ഥാനങ്ങളിലുള്ള നറുക്കെടുപ്പിൽ കൂടുതൽ സമ്മാനങ്ങളും മറ്റും കൊടുക്കുന്നതുകൊണ്ടാണെന്നുള്ള വസ്തുതയെ പരിഗണിച്ച് ഇവിടത്തേയും സമ്മാനത്തുക കൂട്ടി അഞ്ചു ലക്ഷമോ ആറു ലക്ഷമോ ആക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: ഗവൺമെൻറ് ഇതിൻെറ റീ ഓർഗനൈസേഷനെപ്പറ്റി ആലോചിക്കുന്നുണ്ട്. അത് ആലോചിച്ചു കഴിഞ്ഞതിനു ശേഷമേ സമ്മാനത്തുക കൂട്ടുന്ന കാര്യത്തെപ്പറ്റി മറുപടി പറയാൻ കഴിയുകയുള്ളു.

ശ്രീ. ആർ. എസ്. ഉണ്ണി: ധനകാര്യമന്ത്രി രാജിവച്ചതിനുശേഷം നമ്മുടെ സംസ്ഥാനത്തിന് പുറത്ത് പുതിയ ലോട്ടറി ഏജൻസികൾ കൊടുത്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഏതെല്ലാം സംസ്ഥാനത്തിൽ ആർക്കെല്ലാമാണെന്നു പറയാമോ ?

ശ്രീമതി കെ. ആർ. ഗൗരി: എവിടെയെല്ലാം പുതുതായി ഏജൻസി കൊടുത്തിട്ടുണ്ടെന്നുള്ളത് നോക്കാതെ പറയാൻ പറ്റുകയില്ല. മിക്കവാറും പുതുതായി ഏജൻസി കൊടുത്തു കാണുകയില്ലെന്നാണ് തോന്നുന്നത്. ചില സംസ്ഥാനങ്ങൾ നമ്മുടെ സ്റ്റേറ്റിലെ ലോട്ടറിയുടെ ഏജൻസി കൊടുക്കുന്നത് നിരോധിച്ചിരിക്കുകയാണ്.

ശ്രീ. കെ. എം. മാണി: ആദ്യം പത്തു ലക്ഷം രൂപാ ആദായം ഉണ്ടായിരുന്നത് ക്രമേണ ഉയർന്ന് 29 ലക്ഷം രൂപവരെയായി വർദ്ധിച്ച് പിന്നീട് അത് താണ് പത്തു പതിനൊന്നു ലക്ഷമായി കുറയാൻ പ്രത്യേക വല്ല കാരണവും ഉണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: കൂടുകയും കുറയുകയും ചെയ്യുന്നുണ്ട്. പുറം സംസ്ഥാനങ്ങളിൽ നമ്മുടെ ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്നതിന് ബുദ്ധിമുട്ടുകളും തടസ്സങ്ങളും ഉള്ളതുകൊണ്ടും, മറ്റു സംസ്ഥാനങ്ങൾ ലോട്ടറികൾ തുടങ്ങിയിരിക്കുന്നതുകൊണ്ടും കുറച്ച് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അതാണ് പരമാർത്ഥം.

ശ്രീ. ഇ. അഹമ്മദ്: ഏതെല്ലാം സംസ്ഥാനങ്ങൾ കേരള ലോട്ടറി ടിക്കറ്റ് വിൽപ്പനയെ എതിർത്തിട്ടുണ്ടെന്നു പറയാമോ ? അതിൻെറ കാരണം എന്താണെന്നു വ്യക്തമാക്കാമോ ? അതേ സംബന്ധിച്ച് ഗവൺമെൻറ് അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: ഏതെല്ലാം സംസ്ഥാനങ്ങൾ നമ്മുടെ ലോട്ടറി ടിക്കറ്റ് വിൽക്കുന്നതിനെ തടഞ്ഞിട്ടുണ്ടെന്നു ചോദിച്ചാൽ അത് ഇപ്പോൾ പറയാൻ പറ്റുകയില്ല. മഹാരാഷ്ട്ര സംസ്ഥാനം നമ്മുടെ ലോട്ടറി ടിക്കറ്റ് അവിടെ വിൽക്കുന്നതിനെ നിരോധിച്ചിട്ടുള്ള കാര്യം അറിയാം. മറ്റു ചില സംസ്ഥാനങ്ങളും ഇങ്ങനെ നിരോധിച്ചിട്ടുണ്ട്. അവർ ലോട്ടറി തുടങ്ങിയതുകൊണ്ടാണ് ഇങ്ങനെ നിരോധിച്ചിട്ടുള്ളത്. ചില സംസ്ഥാനങ്ങളിലെ ലോട്ടറി ടിക്കറ്റുകൾ ഇതേവരെ ഇവിടെ വിൽക്കാനും, നമ്മുടെ ടിക്കറ്റുകൾ ആ സംസ്ഥാനങ്ങളിൽ വിൽക്കാനും വേണ്ടിയിട്ടുള്ള നടപടികൾ എടുക്കുന്നതിനായി സ്റ്റേറ്റ് ഗവൺമെൻറുകൾ തമ്മിൽ ആലോചനകൾ നടത്തുന്നുണ്ട്.

ശ്രീ. എം. എം. തോമസ്: കൂടുതൽ പ്രൈസുള്ള വെളിയിലെ ടിക്കറ്റുകളും കേരളത്തിൽ വിൽക്കുന്നതുകൊണ്ടാണ് കേരള ലോട്ടറിയിലെ ടിക്കറ്റുകളും ചെലവാകാത്തതെന്നും, സെയിൽസ് കുറവായിരിക്കുന്നതെന്നുമുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: മറ്റു സംസ്ഥാനങ്ങളിലെ ടിക്കറ്റുകളും ഇവിടെ കൊണ്ടുവന്നു വിൽക്കുന്നതുകൊണ്ടല്ല ഇവിടത്തെ ടിക്കറ്റുകളും കൂടുതൽ ചെലവാകാതിരിക്കുന്നത്. കേരളത്തിലെ ലോട്ടറി ടിക്കറ്റുകളും ഡൽഹിയിൽ കൂടുതൽ വിൽക്കുന്നുണ്ട്. അതുകൊണ്ട് മറ്റു സംസ്ഥാനങ്ങളിലെ ടിക്കറ്റുകളും ഇവിടെ കൊണ്ടുവന്നു കൂടാ എന്നു പറഞ്ഞാൽ ബുദ്ധിമുട്ടുണ്ടാകും.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: ലോട്ടറി ടിക്കറ് പ്രിൻറ് ചെയ്യുന്നതിന് ഒരു സെക്യൂരിറ്റി പ്രസ്സ് സ്ഥാപിക്കുമെന്നു പറഞ്ഞിരുന്നു. അതേ സംബന്ധിച്ച് എന്തായി ?

ശ്രീമതി കെ. ആർ. ഗൗരി: മുൻപ്, സെക്യൂരിറ്റി പ്രസ്സ് സ്ഥാപിക്കുമോ ഇല്ലയോ എന്ന് പറഞ്ഞിരുന്നതായി എനിക്ക് അറിവില്ല, ഏതായാലും സെക്യൂരിറ്റി പ്രസ്സ് സ്ഥാപിക്കുന്നതിന് ഒന്നു രണ്ടു കൊല്ലം പിടിക്കും. സർവ്വേ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ പടങ്ങളും മറ്റും അടിക്കുന്നതിന് ഒരു ചെറിയ പ്രസ്സ് വന്നിട്ടുണ്ട്. അത് കൺവെർട്ട് ചെയ്ത് സെക്യൂരിറ്റി അറേൻജുമെൻറോടുകൂടി (സെക്യൂരിറ്റി പ്രസ്സല്ല) ടിക്കറ്റ് ടിക്കാൻ വേണ്ട നടപടികളെടുക്കുന്നതാണ്. ആ പ്രസ്സ് തന്നിട്ടുള്ള ജർമ്മൻ കമ്പനിക്കാരുമായി ആലോചിച്ച് അവരെ ഇവിടെ കൊണ്ടുവന്ന് എന്തു വ്യത്യാസമാണ് വരുത്തേണ്ടതെന്നു നോക്കിയിട്ട് വേണ്ട നടപടികളെടുക്കുന്നതാണ്. അത് വേഗം ശരിയാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാം.

ശ്രീ. പി. കെ. രാഘവൻ: നമ്മുടെ ലോട്ടറി ടിക്കറ്റുകളും വിൽക്കുന്നതിനുള്ള അതേ ഏജൻറുകളുംതന്നെ മറ്റു സംസ്ഥാനങ്ങളിലെ ലോട്ടറി ടിക്കറ്റുകളുടെ ഏജൻറുകളാണെന്നുള്ളതുകൊണ്ട്, അവർ, മറ്റു സംസ്ഥാനങ്ങളിലെ സമ്മാനത്തുകകളും കൂടുതൽ ആകർഷകമായതിനാൽ അതിന് വേണ്ട പ്രചരണം നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ സംസ്ഥാനത്തിലെ ലോട്ടറി ടിക്കറ്റുകളുടെ സെയിൽസ് കുറഞ്ഞു പോകുന്നതെന്നറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി: നമ്മുടെ ലോട്ടറി ടിക്കറ്റുകളും മറ്റു സംസ്ഥാനങ്ങളിൽത്തന്നെ 12, 15 ലക്ഷം രൂപക്ക് വിൽക്കുന്നുണ്ട്. അതുകൊണ്ട് മറ്റു സംസ്ഥാനങ്ങളിലെ ടിക്കറ്റുകളും ഇവിടെ വിൽക്കുന്നതു കൊണ്ടാണ് നമ്മുടെ ടിക്കറിന്റെ സെയിൽസ് കുറഞ്ഞുപോകുന്നതെന്നു പറയുന്നത് ശരിയല്ല. ഏതായാലും ഇതിന്റെ കാരണമെന്താണെന്നുള്ളതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുന്നുണ്ട്. ഇത് എങ്ങനെ റീ ഓർഗനൈസ് ചെയ്യണമെന്നുള്ളതിനെപ്പറ്റി ഒരു പ്രാവശ്യം മാത്രമേ ചർച്ച നടന്നിട്ടുള്ളൂ. രണ്ടാമത് ചർച്ചയ്ക്കു വച്ചിരിക്കുകയാണ്. അത് കഴിഞ്ഞതിനുശേഷമേ എന്തെങ്കിലും പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: മുൻപ് കേരള ഗവൺമെൻറിന്റെ ഭാഗ്യക്കുറി ടിക്കറ്റുകളും എട്ടും പത്തും ഓരോ തവണയും ആളുകളുടെ കയ്യിൽ പോകുമ്പോഴും ഇന്ന് 15 സംസ്ഥാനങ്ങളും ഭാഗ്യക്കുറി തുടങ്ങിയിരിക്കുന്നതുകൊണ്ട് ഭാഗ്യപരീക്ഷണത്തിന്റെ പരിധി വിപുലീകരിക്കുകയും ഓരോ സംസ്ഥാനത്തിലേയും ടിക്കറ്റുകളും ആളുകളും എടുക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും ചെയ്യുന്നതിന്റെ ഫലമായിട്ട് ഇവിടത്തെ ഭാഗ്യക്കുറി ടിക്കറ്റിന്റെ വിൽപ്പന കുറഞ്ഞുപോയിട്ടുണ്ടെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: മുൻപു ചോദിച്ച ചോദ്യം വേറൊരു ഭാഷയിൽ ചോദിച്ചെന്നേയുള്ളൂ. ആ നിലക്ക് ഇത് പരിശോധിക്കാതെ പറയാൻ പറ്റുകയില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: ലോട്ടറി ഇവിടെ തുടങ്ങിയ അവസരത്തിൽ ലോട്ടറിയിൽ നിന്നും കിട്ടുന്ന ആദായം സാമൂഹ്യക്ഷേമകാര്യങ്ങൾക്ക് വിനിയോഗിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. അതിനു ശേഷം ഇത് റവന്യൂ വരവിലേക്ക് മുതൽ കൂട്ടിക്കൊണ്ടിരിക്കുന്നതായിട്ടാണ് കാണുന്നത്. അങ്ങനെ ഒരു നയം മാറ്റം വരുത്താൻ കാരണമെന്താണ് ? ഇതിൽ നിന്നു കിട്ടുന്ന ആദായം നയപ്രഖ്യാപനമനുസരിച്ച് സാമൂഹ്യക്ഷേമ കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് വേണ്ട നടപടി നടത്താൻ തയ്യാറാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി: ഗവൺമെന്റിന്റെ മൊത്തത്തിലുള്ള തീരുമാനമനുസരിച്ചാണ് ഇതിൽ നിന്നു കിട്ടുന്ന ആദായം ജനറൽ റവന്യൂ വരവിലേക്ക് ചേർത്തിരിക്കുന്നത്. ജനറൽ റവന്യൂവിൽ നിന്ന് ഡെവലപ്പ്മെന്റൽ ആക്ടിവിറ്റീസിന് ഇത്രയെന്ന് നീക്കിവയ്ക്കുകയാണ് സാധാരണ ചെയ്യുന്നത്. ജനറൽ റവന്യൂവിൽ നിന്ന് എടുത്ത് പ്രത്യേകം പ്രത്യേകം മാറ്റിയാൽ അത് പ്ലാൻ സ്കീമിനെ എങ്ങനെ ബാധിക്കുമെന്നു നോക്കാതെ പറയാൻ പറ്റുകയില്ല.

(ii) WRITTEN ANSWERS

STARTING OF UNIVERSITY AT ERNAKULAM

* 269 [943] **Shri S. P. Luiz:** Will the Education Minister be pleased to state:

(a) How many representations have been received by the Honourable Minister regarding the starting of the University at Ernakulam ;

(b) Will the Government be pleased to issue immediate orders for the starting of the University at Ernakulam?

Education Minister **(Shri C. H. Mohammed Koya)**

(a) Government have been receiving representations in the matter from 1967 onwards. As the period has not been specified it is not possible to give the definite number of representations.

(b) It is under consideration of the Government.

പുതിയ യൂണിവേഴ്സിറ്റി

* 270 [946] ശ്രീ. എ. എസ്. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly